SDOF SUNDAY

Vol. 01 No. 03 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 June 07

പുത്തൂർ, കാരിക്കൽ സെന്റ് ജോർജ് പള്ളിയിലെ എസ്.ഡി.ഒ.എഫ്. യൂണിറ്റ് വലിയ മെത്രാപോലീത്താ കുറിയാക്കോസ് മാർ ക്ലീമിസ് ഉദ്ഘാടനം ചെയ്തു.

SDOF Sunday രണ്ടാം ലക്കം പോരുവഴി മാർ ബസേലിയോസ് ഗ്രീഗോറിയോസ് ഇടവകയിൽ വെച്ച് പബ്ലീഷർ ഫാ. വി. ജി. കോശി വൈദ്യൻ പ്രകാശനം ചെയ്തു.

അട്ടച്ചാക്കൽ മാർ പീലക്സിനോസ് വലിയപള്ളിയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ പ്രവർത്തന ഉദ്ഘാടനം അഖില മലങ്കര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം നിർവഹിക്കുന്നു. ഫാ. അഖിൽ മാത്യു, ഫാ. ബിബിൻ ബിജോയി, ബിജു കൂടൽ, പൊന്നച്ചൻ പുൽപ്പുറ, ജോണി തോട്ടത്തിൽ, ബിനോജി ഈട്ടിമൂട്ടിൽ, ഏബ്രഹാം മേലൂട്ട്, സാബു ഡാനിയേൽ, എമിലി ബെന്നി എന്നിവർ സമീപം

കണ്ടനാട് കർമ്മേൽ ദയറയിൽ നടത്തിയ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) മേഖല സമ്മേളനവും പ. വട്ടശ്ശേരിൽ തിരുമേനിയുടെ അനുസ്മരണവും ഭക്ഷ്യവകുപ്പ് മന്ത്രി അനുപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു. യൂഹാനോൻ മാർ പോളികാർപ്പോസ് അദ്ധ്യക്ഷത വഹിച്ചു.

സെന്റ് ഡയനിഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് തുമ്പമൺ മർത്ത മറിയം ഭദ്രാസന ദേവാലയ യൂണിറ്റ് സംഘടിപ്പിച്ച ശുഫ്റോ-26 എസ്.ഡി.ഒ.എഫ്. കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്തു. ഇടവക സെക്രട്ടറി പി. ജി. സാംകുട്ടി, ഭദ്രാസന വൈദിക സംഘം സെക്രട്ടറി ഫാ. വർഗീസ് ജോഷ്വാ, വികാരി ഫാ. ജിജി സാമുവേൽ, യൂണിറ്റ് ജനറൽ സെക്രട്ടറി ജോബി ജോൺ, എസ്. ഡി.ഒ.എഫ് കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി. മാത്യു പുത്തൻകാവ്, കേന്ദ്ര ട്രഷറാർ അഡ്വ. ഉമ്മൻ ജോൺ, ഹൈക്കോടതി മുൻ ചീഫ് ജസ്റ്റീസ് ബഞ്ചമിൻ കോശി, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്പെഷ്യൽ സെക്രട്ടറി ഷൈനി ജോർജ്ജ്, എസ്.ഡി.ഒ.എഫ്. ഭദ്രാസന ട്രഷറാർ റെജി എം ജോൺ, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം, അസി. വികാരി ഫാ. അജിൻ പി തോമസ് എന്നിവർ സമീപം.

SDOF കറ്റാനം യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം 22-02-2026 വി. കുർബാനക്ക് ശേഷം പള്ളിയിൽ വെച്ച് ഇടവക വികാരിയും യൂണിറ്റ് പ്രസിഡന്റും ആയിട്ടുള്ള പി. ഡി. സ്കറിയ കൊറെപ്പിസ്കോപ്പാ നിർവഹിച്ചു. മാവേലിക്കര ഭദ്രാസന കൗൺസിൽ അംഗം എം. ജി. അലക്സാണ്ടർ, ഇടവക ട്രസ്റ്റി സെക്രട്ടറി, SDOF കേന്ദ്ര കമ്മിറ്റി അംഗം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

SDOF SUNDAY

Vol. 01, No. 03, 2026 June 07

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design

Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following
E-mail
sdofsunday@gmail.com

Editorial

ഇടവകയുടെ ആത്മീയ ഉണർവിന് കരുത്തേകാൻ സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പ്

മലങ്കര ഓർത്തഡോക്സ് സഭയുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയിൽ നിർണ്ണായകമായ ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഒരു ഇടവകയുടെ കരുത്ത് എന്നത് അവിടുത്തെ വിശ്വാസികളുടെ ആത്മീയ ഐക്യമാണ്. ഈ ഐക്യത്തിന്റെ നെടുംതൂണുകളായി വർത്തിക്കേണ്ടവരാണ് 40-നും 60-നും ഇടയിൽ പ്രായമുള്ള, സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിലെ അംഗങ്ങൾ. സഭയുടെ പാരമ്പര്യവും യുവതലമുറയുടെ ഊർജ്ജവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായി മാറാൻ ഈ പ്രായത്തിലുള്ള വർക്ക് സാധിക്കും.

ജീവിതത്തിന്റെ തിരക്കുകൾക്കും ഉത്തരവാദിത്തങ്ങൾക്കും ഇടയിൽ ആത്മീയതയെ ഒരു രണ്ടാം നിര കാര്യമായി കാണുന്ന പ്രവണത ഇന്ന് വർദ്ധിച്ചു വരുന്നുണ്ട്. എന്നാൽ, ഒരു ഇടവകയുടെ ആത്മീയ പുരോഗതി എന്നത് കേവലം ചടങ്ങുകളിൽ ഒതുങ്ങേണ്ട ഒന്നല്ല. അത് വിശ്വാസികളുടെ ജീവിതശൈലിയുടെ ഭാഗമാകണം. ഇവിടെയാണ് സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ പ്രസക്തി.

എന്തുകൊണ്ട് ഈ പ്രായപരിധി പ്രധാനമാകുന്നു?: 40-നും 60-നും ഇടയിൽ പ്രായമുള്ളവർ ജീവിതാനുഭവങ്ങൾ കൊണ്ട് പക്വത പ്രാപിച്ചവരാണ്. കുടുംബനാഥൻ/നാഥ എന്ന നിലയിലുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതോടൊപ്പം തന്നെ, സഭയുടെ ഭരണപരമായ കാര്യങ്ങളിലും ആത്മീയ ശുശ്രൂഷകളിലും സജീവമാകാൻ ഇവർക്ക് സാധിക്കും. യുവജനപ്രസ്ഥാനത്തിനും മർത്തമറിയം സമാജത്തിനും മദ്ധ്യേ ഒരു മധ്യവർത്തി എന്ന നിലയിൽ ഇടവകയിലെ എല്ലാ വിഭാഗങ്ങളെയും ഒന്നിപ്പിക്കാൻ ഈ ഫെലോഷിപ്പിന് കഴിയും.

പ്രവർത്തന മേഖലകൾ: മാതൃകാപരമായ കുടുംബജീവിതം: ഒരു ഇടവകയുടെ പുരോഗതി ആരംഭിക്കുന്നത് വീടുകളിൽ നിന്നാണ്. ക്രമമായ കുടുംബപ്രാർത്ഥനയിലൂടെയും വചനപഠനത്തിലൂടെയും പുതിയ തലമുറയ്ക്ക് മാതൃകയാകാൻ ഫെലോഷിപ്പ് അംഗങ്ങൾ തയ്യാറാകണം.

ജീവകാരുണ്യ പ്രവർത്തനങ്ങൾ: പ്രാർത്ഥനയ്ക്കൊപ്പം തന്നെ പ്രധാനമാണ് സഹോദരസേവനം. ഇടവകയിലെയും പരിസരത്തെയും നിരാലംബരെ സഹായിക്കാൻ ഫെലോഷിപ്പ് മുൻകൈ എടുക്കണം.

ഇടവക ഭരണത്തിലെ പങ്കാളിത്തം: ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെയും സജീവമായ ഇടപെടലുകളിലൂടെയും ഇടവകയുടെ പൊതുവായ വളർച്ചയിൽ പങ്കാളികളാകുക.

സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിലുള്ള ഈ സംഘടന, പരിശുദ്ധ പിതാവിന്റെ ഉറച്ച വിശ്വാസവും പോരാട്ടവീര്യവും ജീവിതത്തിൽ പകർത്തുവാൻ ഓരോ അംഗത്തെയും പ്രേരിപ്പിക്കുന്നു. ആത്മീയമായ ഔന്നത്യം ലക്ഷ്യം വെച്ചുകൊണ്ട്, വിവേകത്തോടെയും സ്നേഹത്തോടെയും ഇടവകയുടെ ഉന്നമനത്തിനായി കൈകോർക്കാം.

നമ്മുടെ ഇടവകകൾ വെറുമൊരു കെട്ടിടമല്ല, മറിച്ച് ആത്മീയ ചൈതന്യമുള്ള ഒരു കൂട്ടായ്മയായി മാറട്ടെ. അതിനായി സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പ് പ്രവർത്തകർക്ക് ദൈവകൃപയുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

ചീഫ് എഡിറ്റർ

ജനറൽ സെക്രട്ടറിയുടെ കത്ത്

ബഹുമാന്യരും പ്രിയപ്പെട്ടവരുമെ,

വിശ്വാസത്തിന്റെ പാതയിൽ ഒരുമിച്ച് സഞ്ചരിക്കുന്ന നമ്മുടെ പ്രസ്ഥാനത്തിന് ഇത് ഒരു നിർണ്ണായക ഘട്ടമാണ്. "വിശ്വാസം സാക്ഷ്യം പ്രബോധനം" എന്ന ദൈവിക ദർശനത്തെ ജീവിതത്തിലേക്ക് പകർന്നെടുക്കുവാൻ നാം എടുത്ത പ്രതിജ്ഞ, പ്രവർത്തനങ്ങളിലൂടെ ശക്തിപ്പെടുത്തേണ്ട സമയമാണ്.

നമ്മുടെ ആത്മീയ ദിശാബോധം, ഇന്ന് പ്രവർത്തനപരമായ രൂപത്തിലേക്ക് മാറേണ്ടതുണ്ട്. ഓരോ ഇടവകയിലും, ഓരോ പ്രദേശത്തും SDOF യൂണിറ്റുകൾ സജീവമാകുമ്പോഴാണ് നമ്മുടെ പ്രസ്ഥാനം യഥാർത്ഥ ശക്തി നേടുന്നത്. അതുകൊണ്ടുതന്നെ, യൂണിറ്റ് രജിസ്ട്രേഷൻ പൂർത്തീകരിക്കൽ നമ്മുടെ മുൻഗണനാ ദൗത്യമായി മാറുന്നു.

പ്രിയരേ,

ജൂൺ 15-നു മുൻപ് എല്ലാ യൂണിറ്റുകളും രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത് നിർബന്ധമാണ്. ഇത് വെറും ഒരു ഭരണനടപടി മാത്രമല്ല; നമ്മുടെ ഏകോപനത്തിന്റെയും പ്രവർത്തന സജ്ജീകരണത്തിന്റെയും അടിസ്ഥാനമാണ്. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്കാണ് ഔദ്യോഗിക അംഗീകാരവും തുടർപ്രവർത്തനങ്ങളിൽ പങ്കാളിത്തവും ഉറപ്പാക്കാൻ കഴിയുക.

യൂണിറ്റ് രജിസ്ട്രേഷനും രജിസ്ട്രേഷൻ ഫോം ശേഖരിക്കുന്നതിനും എല്ലാ ഭദ്രാസന സെക്രട്ടറിമാരും മറ്റു ഭാരവാഹികളും ഏറെ ശ്രദ്ധ ചെലുത്തണമെ.

യൂണിറ്റ് രജിസ്ട്രേഷൻ എളുപ്പമാക്കുന്നതിനായി, ഓൺലൈൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്. നേരിട്ട് വിവരങ്ങൾ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് താഴെ നൽകിയിരിക്കുന്ന ഗൂഗിൾ ഫോം ലിങ്ക് ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്:

രജിസ്ട്രേഷൻ ലിങ്ക്:

https://docs.google.com/forms/d/e/1FAIpQLSf--19fEmwteJT_mxl5jpaOX25lBbVqyEmxsTfaiMeaXVKIVw/viewform?usp=header??

യൂണിറ്റ് രജിസ്ട്രേഷൻ ഫീസ് കേന്ദ്ര - ഭദ്രാസനതലങ്ങളിൽ 250 (ഇരുന്നൂറ്റി അൻപത് രൂപാ) വീതമാണ്. ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഗൂഗിൾ ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റജിസ്ട്രേഷൻ പൂർത്തിയാക്കുമ്പോൾ, ദയവായി ശ്രദ്ധിക്കേണ്ടത്:

യൂണിറ്റിന്റെ മുഴുവൻ വിവരങ്ങളും കൃത്യമായി പൂരിപ്പിക്കുക. ഫീസ് അടച്ചതിന് ശേഷമുള്ള ട്രാൻസാക്ഷൻ വിശദാംശങ്ങൾ (Transaction Details) നിർബന്ധമായും ചേർക്കുക.

എല്ലാ വിവരങ്ങളും സമ്പൂർണ്ണമായി സമർപ്പിച്ചതായി ഉറപ്പുവരുത്തുക.

ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്തവർ താഴെ കാണുന്ന അക്കൗണ്ട് നമ്പറിലേക്ക് പണം അയയ്ക്കുകയും രജിസ്ട്രേഷൻ ഫോമും അംഗങ്ങളുടെ ലിസ്റ്റും വിശദ വിവരങ്ങളും ജനറൽ സെക്രട്ടറിയുടെ പേർക്ക് അയച്ചു തരേണ്ടതുമാണ്.

State Bank Of India
Account Name
MOSC UNIT ST DIONYSIUS ORTHODOX FELLOWSHIP
Account Number:
0000004447403197
IFS Code: SBIN0070820
MICR Code: 68600293
Branch: Devalokam, Kottayam

ഇത് നമ്മുടെ പ്രസ്ഥാനത്തിന്റെ ശാസ്ത്രീയവും ശക്തവുമായ വളർച്ചയ്ക്കുള്ള ഒരു നിർണ്ണായക ചുവടുവയ്പ്പാണ്. ഓരോ യൂണിറ്റും സജീവമാകുമ്പോൾ, വിശ്വാസത്തിന്റെ ശബ്ദം കൂടുതൽ ശക്തമായി മുഴങ്ങും; സാക്ഷ്യത്തിന്റെ പ്രകാശം കൂടുതൽ വ്യാപിക്കും; പ്രബോധനത്തിന്റെ ദൗത്യം കൂടുതൽ ഫലപ്രദമാകും.

പ്രിയ സഹോദരങ്ങളേ,

നമ്മൾ ഒരു കൂട്ടായ്മ മാത്രമല്ല ഒരു ദൗത്യമാണ്. നമ്മൾ ഒരു സംഘടന മാത്രമല്ല ഒരു സാക്ഷ്യമാണ്.

അതുകൊണ്ട്, ഈ രജിസ്ട്രേഷൻ പ്രക്രിയയെ ഒരു ഔപചാരികതയായി കാണാതെ, പ്രസ്ഥാനത്തോടുള്ള നമ്മുടെ പ്രതിബദ്ധതയുടെ പ്രകടനമായി കാണുക. ഓരോ യൂണിറ്റും ദൈവത്തിന്റെ മഹത്വത്തിനായി പ്രവർത്തിക്കുന്ന ആത്മീയ കേന്ദ്രങ്ങളായി മാറട്ടെ.

നിങ്ങളുടെ സഹകരണവും സമയബന്ധിതമായ പ്രവർത്തനവും പ്രതീക്ഷിച്ചുകൊണ്ട്, ഈ ദൈവിക ദൗത്യത്തിൽ എല്ലാവരും കൈകോർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവം നമ്മുടെ ശ്രമങ്ങളെ അനുഗ്രഹിക്കട്ടെ; നമ്മുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തട്ടെ.

സ്നേഹപൂർവ്വം,

ഷിബു കെ ഏബ്രഹാം,
ജനറൽ സെക്രട്ടറി
സെന്റ് ഡയനീഷ്യസ്
ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF)

സ്കൂൾ കുട്ടികൾക്കുള്ള പഠനോപകരണ കിറ്റിന്റെ വിതരണ ഉദ്ഘാടനം കണ്ടനാട് കർമ്മേൽ ദയറായിൽ തൃപ്പൂണിത്തറ എം. എൽ.എ ശ്രീ. ദീപക് ജോയി നിർവഹിക്കുന്നു. ഫാ. തോമസ് മ്യാലിൽ, ഷിബു എബ്രാഹാം, മന്ത്രി അനൂപ് ജേക്കബ്, യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത എന്നിവർ സമീപം.

സഭാജീവിത നാളാഗമം

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956-1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം.

350 പേജ്. വില 400 രൂപ.

പ്രസാധകർ:
ജ്യോതിസ്സ് പബ്ലിക്കേഷൻസ്,
ജ്യോതിസ്സ് ആശ്രമം, അബു റോഡ്,
രാജസ്ഥാൻ



കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.



നഷ്ടത്തിലൂടെ ലാഭത്തിലേക്ക്

(പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായർ)

വി. മത്തായി 10:34–11:1

ഗീവർഗീസ് മാർ പീലക്സിനോസ്

ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യർ ആരായിരിക്കും എന്ന് യേശു തന്നെ വെളിപ്പെടുത്തുകയും അതിനുണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തായിരിക്കണം എന്നു വിശദീകരിക്കുകയും ചെയ്യുന്ന വി. വേദഭാഗമാണ് ഇന്നത്തെ വി. ഏവൻഗേലിയോൻ. വി. മത്തായി 10:34–11:1. ദൈവവേലക്കായി വിളിച്ച് വേർതിരിക്കപ്പെട്ടവർക്ക് ലഭിക്കുന്നതും ലഭിക്കേണ്ടതുമായ അവകാശങ്ങളെക്കുറിച്ച് യേശു സ്പഷ്ടമായി വ്യക്തമാക്കുന്നു. ക്രിസ്ത്യാനികളുടെ ജീവിത ആദർശവും വ്യക്തിത്വവും നിലനിർത്തുവാൻ കടമയുള്ളവർ എല്ലാവരും യേശുവിന്റെ ഈ കല്പന അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

ക്രിസ്തുവും വാളും

മീഖാ പ്രവചനം 7:6 യേശു ഇവിടെ ഉദ്ധരിക്കുന്നു. 'മകൻ അപ്പനെ നിന്ദിക്കുന്നു. മകൾ അമ്മയോടും മരുമകൾ അമ്മാവിയമ്മയോടും എതിർത്തു നിൽക്കുന്നു. മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർ തന്നെ.' സംഘർഷമുണ്ടാക്കുവാനാണ് താൻ വന്നതെന്നല്ല യേശു പറഞ്ഞതിന്റെ സാരം. താൻ സമാധാനപ്രഭുവാണ് (യെശ. 9:6, 11:6, വി. ലൂക്കോ. 2:14). സംഘർഷം സ്വാഭാവികമാണ്. സംഘർഷം തന്റെ വരവിന്റെ ഫലമല്ല; പരിണതഫലമാണ്. തന്റെ സമാധാനത്തെ എതിർക്കുന്നവർ കുടുംബത്തിലുണ്ടാകും. ഫലത്തിൽ അതു താൻ മൂലമുളവായ വാളായി തീരുമെന്നു മാത്രം. ഈ പ്രവചനം അന്നു മുതൽ ഇന്നുവരെ നിവൃത്തിയായിക്കൊണ്ടിരിക്കുന്നു.

ശിഷ്യത്വം

യേശുക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യനാകുവാൻ ഒരു വ്യക്തിക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഇവിടെ കർത്താവ് വെളിപ്പെടുത്തുന്നു. ജീവിതത്തിൽ യേശുവിന് പ്രഥമ സ്ഥാനം നൽകുക. മറ്റെല്ലാം യേശുവിനു പിന്നാലെ മാത്രം ആകണമെന്ന ശക്തമായ നിർദ്ദേശമാണ് നാം വായിക്കുന്നതും ധ്യാനിക്കുന്നതും. യേശു പറയുന്നു: 'എന്നെക്കാൾ അധികമായി അപ്പനെയോ അമ്മയെയോ മകനെയോ മകളെയോ പ്രിയപ്പെടുവാൻ ഇടയാകരുത്.' (വാ. 37).

ലൗകികവും ഭൗതികവുമായതെല്ലാം ആത്മീയതയ്ക്കുശേഷം മതിയാകും എന്നതാണ് സാരം. ലൗകികതയോ ഭൗതികതയോ ജീവിതത്തിൽ ആവശ്യമില്ല എന്നതല്ല. മറിച്ച് ആത്മീയതയ്ക്ക് പ്രഥമസ്ഥാനം ജീവിതത്തിൽ നൽകുക എന്നതാണ് അർത്ഥം. ആത്മീയത എന്നു വച്ചാൽ ദൈവത്തെ കാണുക, കേൾക്കുക, അറിയുക, അനുസരിക്കുക, അനുഭവിക്കുക തുടങ്ങിയവയാണ്. ദൈവത്തെ ജീവിതത്തിൽ ഒന്നാമതായി നിലനിർത്തുക എന്നതാണ് യേശുവിന്റെ കല്പന.

ശിഷ്യത്വത്തിനു വേണ്ട ഗുണങ്ങൾ വി. വേദപുസ്തകത്തിൽ കാണുന്നത്:

1. സ്വയവർജ്ജനവും ക്രൂശുചുമക്കലും (വാ. 38, വി. മത്തായി 16:24).

2. ആത്മപരിത്യാഗം (വി. ലൂക്കോസ് 14:26).

3. എല്ലാം ഉപേക്ഷിക്കുക (വി. ലൂക്കോസ് 14:33). 'നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവനു എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല.'

4. സ്ഥിരതയോടെ നിൽക്കുക (വി. യോഹന്നാൻ 8:31). 'എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും

5. ഫലം പുറപ്പെടുവിക്കുക (വി. യോഹന്നാൻ 15:8). 'നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും.'

ക്രൂശ് എടുത്ത് അനുഗമിക്കുക

യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർക്കുണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതയാണ് ക്രൂശ് എടുത്ത് അനുഗമിക്കുക എന്നത്. ക്രിസ്തുശിഷ്യർ കുരിശെടുക്കേണ്ടവരാണ്, കുരിശിനെ തന്ത്രപൂർവ്വം ഒഴിവാക്കേണ്ടതല്ല. കുരിശ് തട്ടിമാറ്റാൻ ശ്രമിക്കുംതോറും കൂടുതൽ കൂടുതലായി നമ്മെ വരിഞ്ഞുമുറുക്കുന്നതായി അനുഭവപ്പെടും. എന്നാൽ കുരിശിനെ നാം സ്നേഹിക്കുകയും

സഹിച്ച് ഒരു ബലിയായി സമർപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുംതോറും കുരിശ് അനുഗ്രഹമായി മാറും.

കുരിശ് ക്ഷമയോടെ വഹിക്കുക എന്നത് മാത്രമാണ് രക്ഷയ്ക്കുള്ള ഏക വഴി. ഒരു വ്യക്തി കുരിശ് എടുക്കുമ്പോൾ രണ്ടുതരം സാഹചര്യങ്ങൾ ഉണ്ടാകാം. ഒന്ന്, ക്രിസ്തു ഇല്ലാത്ത കുരിശ്. രണ്ട്, കുരിശ് ഇല്ലാത്ത ക്രിസ്തു. ഇത് രണ്ടും സാധ്യമല്ല. ക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട് അവനോടുകൂടെ കുരിശ് എടുത്താൽ ജീവിതം അനായാസമാകും. ക്രിസ്തു കൂടെയില്ലാത്ത കുരിശ് എടുത്താൽ താഴെ വീണുപോകും. ലക്ഷ്യത്തിൽ എത്തുകയില്ല.

കുരിശിനെ ഒഴിവാക്കി ക്രിസ്തുവിനെ സ്നേഹിക്കുവാൻ കഴിയുകയില്ല. ക്രിസ്തു പറയുന്നു, 'തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല' (വാ. 38). അതിനാൽ കുരിശ് ഒഴിവാക്കി ക്രിസ്തുവിനെ മാത്രം സ്വന്തമാക്കുവാൻ ശ്രമിക്കുന്നവർ മൂഢസ്വർഗ്ഗം മെനയുകയാണ് ചെയ്യുന്നത്. കുരിശ് സ്വീകരിക്കുക വഴി നാം നമ്മുടെ പാപങ്ങൾ ദൈവത്തോട് അനുരഞ്ജിപ്പിക്കുന്നു. നാം പാപത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെടുന്നു. രക്ഷ സ്വീകരിക്കുന്നു (എഫേസ്യർ 2:14–16).

നഷ്ടത്തിലൂടെ ലാഭത്തിലേക്ക്

യേശു പറയുന്നു, 'തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും. എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും' (വാ. 39). ദൈവത്തിന് പ്രഥമ സ്ഥാനം കൊടുക്കുന്നവർക്ക് പലതും നഷ്ടപ്പെടുത്തേണ്ടി വരും. എന്നാൽ ആ നഷ്ടപ്പെടൽ വലിയ നേട്ടത്തിലേക്കും ലാഭത്തിലേക്കും നയിക്കും.

ഭൗമിക നിക്ഷേപനഷ്ടം ആത്മീയമായതിനെ സുരക്ഷിതമാക്കുന്നു – 'സൽഗുണപൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റ് ദരിദ്രർക്ക് കൊടുക്ക. എന്നാൽ സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും' (വി. മത്താ. 19:21).

സ്വയത്യാഗം നിക്ഷേപ സമാഹരണമാണ് – 'യേശുക്രിസ്തുവിന്റെ നാമം നിമിത്തം സകലതും വിട്ടുകളഞ്ഞവനു എല്ലാം നൂറുമടങ്ങ് ലഭിക്കും' (വി. മത്തായി 19:29).

നഷ്ടത്തിലൂടെ ലാഭം (ഒരു ആത്മീയ വിരോധാഭാസം) വി. മർക്കോസ് 8:35.

താഴ്ച ഉന്നതിയിലേക്ക് നയിക്കുന്നു വി. മർക്കോ. 9:35. മരണത്തിൽ നിന്നു ജീവൻ വരുന്നു വി. യോഹ. 12:24. പ. പൗലോസ് സകലവും കൊടുത്തു മഹാപ്രതിഫലം നേടി (ഫിലി. 3:8).

ശുശ്രൂഷകർ ബഹുമാന്യർ

യേശുക്രിസ്തുവിനുവേണ്ടി ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ചിട്ടുള്ള

ശുശ്രൂഷകർ അനേകരാണ്. ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും അനുസരിച്ച് ജീവിതത്തെ രൂപപ്പെടുത്തിയവരെ ബഹുമാനിക്കുവാനും കൈക്കൊള്ളുവാനും യേശു ആഹ്വാനം ചെയ്യുന്നു (വാ. 40, 41, 42). ശുശ്രൂഷകരെ ആദരിക്കുന്നത്, തന്നേത്തന്നെ ആദരിക്കുന്നതിനു തുല്യമാണെന്നാണ് യേശുക്രിസ്തു പറയുന്നത്. പ. പൗലോസ് ശ്ലീഹാ ദൈവശുശ്രൂഷകരെ എങ്ങനെ മാനിക്കണം എന്ന് വ്യക്തമാക്കുന്ന വി. വേദഭാഗങ്ങൾ:-

'സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരേ അറിഞ്ഞു അവരുടെ വേലനിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്നു നിങ്ങളോടു അപേക്ഷിക്കുന്നു' (1 തെസ്സ. 5:12, 13).

'നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ, ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക' (1 തീമോ. 5:17).

'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പീൻ' (എബ്രാ. 13:7).

ആത്മീയ നിറവ്, യേശുവിന്റെ വാഗ്ദാനം

(പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ)

വി. യോഹന്നാൻ 6:35-46

ഒരു നാണയത്തിനു രണ്ടു വശങ്ങളുണ്ട്. രണ്ടും തുല്യപ്രധാനമാണ്. അതുപോലെ യേശുക്രിസ്തുവിന് തുല്യപ്രധാനമായ രണ്ടു സ്വഭാവങ്ങളുണ്ട്. ദൈവത്വവും മനുഷ്യത്വവും. വി. ലൂക്കോസ് മനുഷ്യത്വത്തെ വ്യക്തമാക്കിക്കൊണ്ട് മനുഷ്യപുത്രനായി വരച്ചുകാണിക്കുന്നു. വി. യോഹന്നാൻ, യേശുവിന്റെ ദൈവത്വം വ്യക്തമാക്കുമാറ് ദൈവപുത്രനായി തന്നെ അവതരിപ്പിക്കുന്നു. ക്രിസ്തുവിന്റെ ഏഴ് അദ്ഭുതങ്ങളെയും "ഞാൻ ആകുന്നു" എന്നു പറയുന്ന ഏഴു പ്രസ്താവനകളെയും കേന്ദ്രമാക്കിയാണ് സുവിശേഷം മുന്നോട്ടു നീങ്ങുന്നത്.

ജീവന്റെ അപ്പം: 'ഞാൻ ആകുന്നു' എന്നു പറയുന്ന ഏഴു പ്രസ്താവനകളിൽ ഒന്ന്, ഇന്നത്തെ വി. വേദഭാഗത്ത് നാം ശ്രദ്ധിക്കുന്നു. 'ഞാൻ ജീവന്റെ അപ്പമാകുന്നു' (വി. യോഹന്നാൻ 6:35). ക്രിസ്തു മാനവജാതിയുടെ ഭൗതികമായ വിശപ്പ് ശമിപ്പിക്കുവാൻ മാത്രമല്ല, നിത്യജീവന്റെ ആഹാരം നൽകുന്നതിനും കൂടിയാണെന്ന് പഠിപ്പിക്കുകയാണ്.

ജീവന്റെ അടിസ്ഥാന ആവശ്യമാണ് അപ്പം അഥവാ ആഹാരം എന്നത്. വസ്ത്രവും പാർപ്പിടവും അടിസ്ഥാന ആവശ്യങ്ങളിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമായത് ആഹാരമാണ്. വസ്ത്രവും പാർപ്പിടവും ഇല്ലെങ്കിലും ജീവൻ നിലനിർത്താം. എന്നാൽ ആഹാരം ഇല്ലാതിരുന്നാൽ അധികകാലം ജീവൻ നിലനിർത്താൻ സാധ്യമല്ല. യേശുവിനെ കൂടാതെ ഒരു വിശ്വാസിക്ക് ജീവൻ നിലനിൽക്കുകയില്ല എന്ന സത്യമാണ് 'ഞാൻ ജീവന്റെ അപ്പമാണ്' എന്ന പ്രസ്താവനയിലൂടെ യേശുക്രിസ്തു വെളിപ്പെടുത്തുന്നത്.

'എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല' (വി. യോഹന്നാൻ 15:5). യേശുക്രിസ്തു നമ്മുടെ ജീവന്റെ നിലനില്പിന് അടിസ്ഥാന ആധാരമാണ്. യേശുവിൽ വിശ്വസിക്കുകയും യേശുവിനെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുക എന്നത് എല്ലാ വിശ്വാസികളുടെയും അടിസ്ഥാന കടമയാണ്.

വി. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ യേശുക്രിസ്തു ജീവന്റെ അപ്പമാകുന്നു എന്നതിനു സമാനമായ വാക്യങ്ങൾ കാണുന്നുണ്ട്. 'നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം' (6:27), 'സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷാൽ അപ്പം' (6:32), 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് ലോകത്തിനു ജീവനെ കൊടുക്കുന്ന ദൈവത്തിന്റെ അപ്പം' (6:33), 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം' (6:51). ഇവയെല്ലാം ക്രിസ്തുവിനെ സംബന്ധിച്ച് പറയുമ്പോൾ വി. കുർബ്ബാനയെ സംബന്ധിച്ച് തന്നെയാണെന്ന് മനസ്സിലാക്കുവാൻ കഴിയും. ഓരോ പന്തിഭോജനവും കർത്താവിന്റെ മേശയിൽ നിന്നും നിത്യജീവന്റെ ഭക്ഷണമായ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതിന്റെ പ്രതീകവും പ്രതിധ്വനിയുമായി കാണുന്നു.

ദൈവത്വവും മനുഷ്യത്വവും: യേശുക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ട്. ദൈവത്വവും മനുഷ്യത്വവും. ഇവ രണ്ടും ഒരുമിച്ച് ഒന്നായി സംയോജിക്കപ്പെട്ടിരുന്നു. ഇവ രണ്ടും വേർതിരിച്ചറിയുന്ന രണ്ടു പ്രസ്താവനകൾ ഇന്നത്തെ വി. സുവിശേഷഭാഗത്ത് നാം വായിക്കുന്നുണ്ട്. ഒന്ന്, 'യേശു അവരോട് പറഞ്ഞത്: ഞാൻ ജീവന്റെ അപ്പമാകുന്നു; എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല' (6:35). ഇത് യേശുവിന്റെ ദൈവത്വത്തെ പ്രകടമാക്കുന്ന വാക്യമാണ്. രണ്ട്, 'ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്യുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നത്' (6:38). ഇത് മനുഷ്യത്വത്തിന്റെ ഭാവമാണ്.

യേശുക്രിസ്തു മഹത്വത്തിന്റെ ഭാവങ്ങൾ എന്തെല്ലാം പ്രകടമാക്കിയിട്ടുണ്ടോ, അവയെല്ലാം അനുകരിക്കുവാൻ മനുഷ്യരെന്ന നിലയിൽ നമുക്ക് ഉത്തരവാദിത്വമുണ്ട്. യേശുക്രിസ്തു ഉറങ്ങി (വി. മത്തായി 8:24, 4:38), വിശന്നു (വി. മർക്കോസ് 11:12), ദാഹിച്ചു (വി. യോഹന്നാൻ 4:7), ക്ഷീണിച്ചു (വി. യോഹന്നാൻ 4:5), കരഞ്ഞു (വി. യോഹന്നാൻ 11:36), അറിവില്ല എന്നു പറഞ്ഞു (വി. മർക്കോസ് 13:32), പിശാച് എന്നു വിളിച്ചു (വി. യോഹന്നാൻ 6:70), കളിയാക്കി (വി. യോഹന്നാൻ 6:26), പിതാവിന്റെ ഇഷ്ടം മാത്രമേ ചെയ്യുകയുള്ളു എന്നു പറഞ്ഞു (വി. യോഹന്നാൻ 6:38) ഇവയെല്ലാം യേശുവിന്റെ മനുഷ്യത്വ സ്വഭാവത്തിന്റെ അടയാളങ്ങളാണ്.

നമ്മുടെ പ്രവൃത്തികളെല്ലാം ദൈവഇഷ്ടം അനുസരിച്ചായിരിക്കണം. പ്രാർത്ഥന ആവശ്യമാണ്. നാം എന്തു ചെയ്താലും ദൈവത്തിന്റെ ഇഷ്ടമാണ് നടക്കേണ്ടത്. രോഗം, കഷ്ടത, ദുഃഖം, മരണം, സാമ്പത്തിക ക്ലേശം തുടങ്ങിയവയൊക്കെ, ദൈവഇഷ്ടമായി നടക്കുന്നതാണോ എന്ന് നമുക്ക് തന്നെ വിലയിരുത്താവുന്നതാണ്. 'പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകണമേ' (വി. മത്തായി 26:39) എന്ന് മരണവേദനപോലെ അതിദുഃഖിതമായ മനസ്സുകൊണ്ട് പ്രാർത്ഥിച്ച കർത്താവിനെ നാം കാണുന്നുണ്ട്. ആ പ്രാർത്ഥനയുടെ അവസാനം യേശുതമ്പുരാൻ പ്രാർത്ഥിക്കുന്നത് 'എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല നീ ഇച്ഛിക്കുംപോലെ ആകട്ടെ' (വി. മത്തായി 26:39) എന്നാണ്.

വിശ്വാസികൾക്കുള്ള വാഗ്ദാനങ്ങൾ

യേശുക്രിസ്തു തന്റെ പ്രഭാഷണങ്ങളിൽ വിശ്വാസികൾക്ക് നിറയെ വാഗ്ദാനങ്ങൾ നൽകുന്നുണ്ട്. തന്റെ വാഗ്ദാനങ്ങൾ പാഴ്വാക്കുകളല്ല. യാഥാർത്ഥ്യമാകുന്നതു മാത്രമാണ് കർത്താവ് പറയുന്നത്. പ്രവർത്തിയിൽ വരാത്തതൊന്നും വാഗ്ദാനങ്ങൾ ആയി കർത്താവ് പറയാറില്ല. ഇന്നത്തെ വി. സുവിശേഷഭാഗത്ത് ആത്മനിറവിനുള്ള വാഗ്ദാനങ്ങൾ യേശു നൽകുന്നു. 'എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവനു ദാഹിക്കുകയുമില്ല... എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയുമില്ല' (വാ. 35, 37).

'ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല' (വി. യോഹന്നാൻ 11:26).

1. കരുതൽ - 'യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്യുക, ദേശത്തു പാർത്ത് വിശ്വസ്തത ആചരിക്കുക, യഹോവയിൽ തന്നേ രസിച്ചുകൊൾക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ നിനക്കു തരും' (സങ്കീർത്തനം 37:3, 4).
2. അപരിമിതമായ അനുഗ്രഹങ്ങൾ - വി. മർക്കോസ് 9:23.
3. പ്രാർത്ഥനയ്ക്കു മറുപടി - വി. മർക്കോസ് 11:24.
4. പ്രതിബന്ധങ്ങൾ നീക്കിത്തരുന്നു - വി. ലൂക്കോസ് 17:6.
5. ദിവ്യപുത്രത്വം - വി. യോഹന്നാൻ 1:12.
6. നിത്യജീവൻ - വി. യോഹന്നാൻ 3:14, 15, 5:24.
7. ആത്മീയ വെളിച്ചം - വി. യോഹന്നാൻ 12:46.
8. ശുശ്രൂഷയ്ക്കുള്ള ശക്തി - വി. യോഹന്നാൻ 14:12.
9. രക്ഷ - റോമർ 1:16, 1 പത്രോസ് 2:6.

ഇവയെല്ലാം യേശുക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ ചിലതു മാത്രമാണ്.

മുൻവിധി (Pre-Conceived Notion)

യേശുക്രിസ്തുവിന്റെ ജ്ഞാനവും പ്രഭാഷണങ്ങളും കേട്ട യഹൂദജനം, അവനെ മുൻവിധിയോടെയാണ് സമീപിച്ചത്. 'ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന അപ്പം എന്ന് അവൻ പറഞ്ഞതിനാൽ യഹൂദന്മാർ അവനെക്കുറിച്ച് പിറുപിറുത്തു' (വാ. 41). യേശുവിന്റെ കുടുംബത്തെയും മാതാപിതാക്കളെയും പാരമ്പര്യത്തേയുംക്കുറിച്ച് മനസ്സിലാക്കി മുൻവിധിയോടെ യഹൂദന്മാർ യേശുവിനെ പരിഹസിക്കുകയും അവനെ അംഗീകരിക്കാതിരിക്കുകയും ചെയ്തു.

ക്രിസ്തീയ ജീവിതത്തിൽ മുൻവിധിക്ക് സാംഗത്യമില്ല. വ്യക്തികളും സമൂഹവും മാനസാന്തരത്തിനും അനുതാപത്തിനും വിധേയമാകുന്നതിനാൽ, അവരുടെ വർത്തമാനകാല ജീവിതത്തെ വിലയിരുത്തി മനസ്സിലാക്കണം. നിനുവാ നഗരം മാനസാന്തരത്തിനു വിധേയമായപ്പോൾ അവർ പുതിയ സൃഷ്ടി ആയി. ധൂർത്ത പുത്രന്റെ ഉപമയും കള്ളന്റെ മാനസാന്തരവും നല്ല ഉദാഹരണങ്ങളാണ്. 2 കോരിന്ത്യർ 5:17 'ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞുപോയി. അതു പുതുതായിത്തീർന്നിരിക്കുന്നു.'



The Power of Understanding in Relationships

Gigy S.
(St Thomas Mount Orthodox Syrian Church, Chennai)

In a world of endless conversations yet shallow connections, relationships quietly yearn for something deeper: understanding. Love is expressed through words, gifts and grand gestures, but the strongest relationships are built on something far more powerful: the silent language of understanding. Love goes beyond saying "I care for you." It is found in the pause before judgment, the patience to listen and the strength to stand beside someone even when words fail.

When Honesty Becomes a Target

Every relationship carries unseen battles, unspoken fears and emotional wounds. Many misunderstandings arise not because love is absent, but because understanding is missing. Consider that one person – a spouse, sibling or friend – who notices what others prefer to overlook and speaks up when something is wrong. Their intentions are genuine, yet rather than receiving their concern with grace, people grow defensive. Honest observation is labelled fault-finding; boldness rooted in care is recast as arrogance. Slowly, almost imperceptibly, they become a target, not because they are wrong, but because they are uncomfortable to be around.

There is a crucial difference between a person who tears down for the sake of it and one who speaks up because they care. The tragedy is that we do not always pause to ask why someone is saying what they are saying. We react to the words and miss the heart behind them. A home or marriage where honest voices are consistently silenced does not become peaceful, it becomes fragile. Unspoken truths do not disappear; they fester into the wounds that break relationships years later.

Understanding Means Receiving, Not Just Giving

In marriage especially, understanding is a sacred responsibility. Two people from different homes and temperaments come together to build one life. Love may ignite the journey, but understanding sustains it. It means listening without preparing a defence, noticing silence and asking, "Are you alright?" before assumptions take over. But it also means being willing to receive what is difficult to hear; resisting the urge to punish someone simply because their words challenged us. Sometimes the boldest person in the room is not the proudest. They are simply the one who loves you enough to say what others will not.

The Lonely Road of the Bold

There is a particular loneliness for those who are honest in a world that prefers comfort. Over time, many go quiet, not because they no longer see the truth, but because the cost of speaking it has become too high. When such voices are silenced, what remains is a surface peace built on avoidance. Nothing is resolved; everything is managed; and underneath it all, love slowly grows cold. Scripture reminds us: "Faithful are the wounds of a friend, but the kisses of an enemy are deceitful" (Proverbs 27:6). Targeting or building resentment against an honest friend is not the path of love, it is the path of pride.

Healing Begins with Understanding

Faith teaches that love is inseparable from understanding. "Be kind to one another, tender-hearted, forgiving one another, as God in Christ forgave you" (Ephesians 4:32). Even our Lord Jesus Christ listened to the broken, comforted the hurting and responded with compassion before correction, yet His boldness was never separated from His love. Relationships flourish when we reflect that same grace. Healing begins when one person asks honestly: "Am I silencing someone who genuinely cares for me? Have I mistaken their boldness for an attack, when it was really an act of love?"

The greatest relationships are not those free of tension – they are those where both people feel safe enough to be honest and loved enough to receive honesty without weaponizing it. In the end, relationships are not measured by how often we say, "I love you," but by how deeply we make another person feel seen, heard and understood. For when real understanding grows, love deepens and relationships become not just stronger, but truly sacred.

ഓർത്തഡോക്സ് വിശ്വാസം

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

ഓരോ വ്യക്തിയും ഒരേ സമയം വിവിധ കുടുംബങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. അണു കുടുംബം, വിപുലമായ കുടുംബം, സഭ, രാജ്യം, ലോകം തുടങ്ങിയവ അവയിൽ ചിലതു മാത്രം. അടിസ്ഥാനപരമായി മൂന്നു തരം സഭാകുടുംബങ്ങളാണുള്ളത്. ഓർത്തഡോക്സ്, കത്തോലിക്ക, പ്രോട്ടെസ്റ്റന്റ് എന്നിങ്ങനെ തരംതിരിക്കാം. സ്വന്തം കുടുംബത്തിന്റെ വേരുകൾ അന്വേഷിക്കുന്നത് വിഭജനത്തിന്റെ മൂല്യം കൂട്ടുവാനല്ല മറിച്ച് സത്യം അറിയുവാനും അതിൽ വളർന്ന് സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാക്ഷ്യം നിർവഹിക്കുവാനുമാണ്. ഈ ഉദ്ദേശ്യത്തോടെയാണ് ഓർത്തഡോക്സ് സഭയെയും അതിന്റെ അടിസ്ഥാന വിശ്വാസങ്ങളെയും അന്വേഷിച്ചറിയുന്നത്.

ക്രിസ്തുവിന്റെ അനുയായികളുടെ സംഘം സഭയായി വളർന്നപ്പോൾ ആദികാലത്ത് ഓരോ പ്രാദേശികാടിസ്ഥാനത്തിലുള്ള വ്യത്യാസങ്ങളാണ് ഉണ്ടായിരുന്നത്. ക്രമേണ വിശ്വാസ വിശദീകരണങ്ങളിൽ ഉണ്ടായ വ്യത്യാസങ്ങൾ മൂലവും വിവിധ സഭാ വിഭാഗങ്ങൾ രൂപപ്പെട്ടു. ഇന്ന് നിലവിലുള്ള സഭകളിൽ അപ്പോസ്തോലിക വിശ്വാസത്തോട് ഏറ്റവും വിശ്വസ്തത പുലർത്തി വിശ്വാസ പിന്തുടർച്ച നടത്തിയിട്ടുള്ളത് ഓർത്തഡോക്സ് സഭകളാണെന്ന് കാണുവാൻ കഴിയും.

ഓർത്തഡോക്സ് എന്ന വിശേഷണം സത്യ ആരാധനയോട് ബന്ധപ്പെട്ടതാണ്. സത്യ വിശ്വാസവും സഭയുടെ സത്യാരാധനയും വളരെ ബന്ധപ്പെട്ടതാണ്. ആദിമുതലേ സഭയുടെ ഔദ്യോഗിക ആരാധനയിലെ പങ്കാളിത്തത്തിന്റെ ഒരു പ്രധാന അടിസ്ഥാനം തന്നെ സത്യവിശ്വാസമായിരുന്നു. സത്യ വിശ്വാസം ഉൾകൊള്ളുന്നവരും മാമ്മൂദീസ സ്വീകരിച്ചവരുമാണല്ലോ സഭയുടെ ആരാധനയിൽ സംബന്ധിക്കുവാൻ അർഹതയുള്ളവർ. അതുകൊണ്ടു 'ഓർത്തഡോക്സ് ' സത്യവിശ്വാസത്തെ സംബന്ധിക്കുന്ന പദമായും മനസിലാക്കാം.

സഭകളുടെ വിഭജനം

ഓർത്തഡോക്സ് സഭാ കുടുംബത്തിൽ തന്നെ രണ്ടു വിഭാഗങ്ങളുണ്ട്. നിഖ്യാ (എ.ഡി. 325), കുസ്തന്തീനോപോലീസ് (എ.ഡി. 381), എഫേസ്സൂസ് (എ.ഡി. 431) എന്നീ ആദ്യ മൂന്നു സാർവത്രിക സുന്നഹദോസുകൾ അവിഭജിത സഭയുടെ വിശ്വാസം ക്രോഡീകരിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്തു. എന്നാൽ നാലാമത് കൂടിയ കൽക്കദോന്യ (എ.ഡി. 451) സുന്നഹദോസിൽ ഒരു അഭിപ്രായ വ്യത്യാസം ക്രിസ്തുശാസ്ത്രസംബന്ധമായി ഉണ്ടായി. ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള സംയോജനത്തിന്റെ ആഴം വ്യക്തമാക്കുവാൻ സുന്നഹദോസിൽ വരുന്ന തീരുമാനം അപര്യാപ്തമാണെന്ന് ഒരു വിഭാഗം കണ്ടെത്തി. ഇതിന്റെ പേരിലുണ്ടായ വിഭജനം റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തുള്ള സഭയെയാണ് പ്രധാനമായും ബാധിച്ചത്. ഈ വിഭജനത്തിൽ കൽക്കദോന്യ സുന്നഹദോസ് തീരുമാനത്തോട് വിയോജിച്ച് നിന്നവരാണ് ഇന്ന് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്നറിയപ്പെടുന്ന സഭകൾ. റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്ത് നിന്ന് ഈ സുന്നഹദോസിനെ അനുകൂലിച്ച ക്രിസ്തീയ സഭാ അംഗങ്ങൾ ഇന്ന് ബൈസന്റീയൻ ഓർത്തഡോക്സ് സഭകളെന്ന് അറിയപ്പെടുന്നു. ഈ സുന്നഹദോസിനെ അനുകൂലിച്ച റോമാസാമ്രാജ്യത്തിന്റെ പടിഞ്ഞാറു നിന്നുള്ളവരും, കിഴക്കുനിന്നുള്ളവരും തമ്മിൽ വിവിധ കാരണങ്ങളാൽ പതിനൊന്നാം നൂറ്റാണ്ടിൽ വിഭജനമുണ്ടായി. അതിൽ റോം കേന്ദ്രീകരിച്ച പടിഞ്ഞാറു നിന്നുള്ളവരാണ് ഇന്ന് റോമൻ കത്തോലിക്കർ എന്നറിയപ്പെടുന്നത്. റോമൻ സഭ മിഷനറി പ്രവർത്തനത്തിലൂടെ ലോകത്തിന്റെ പലയിടങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. ഈ റോമൻ കത്തോലിക്ക സഭയിലെ ചില ദുഷ്പ്രവണതകളോട് പ്രതിഷേധിച്ചാണ് പതിനാറാം നൂറ്റാണ്ടിൽ നവീകരണ സഭകളുണ്ടായത്. ഈ നവീകരണ സഭകൾ പിന്നീട് അനേക വിഭാഗങ്ങളായി പിരിയുകയും ചെയ്തു. ആധുനിക കാലത്ത് ഓരോ സുവിശേഷകന്റെ പേരിലുള്ള സ്വതന്ത്ര സഭകളും കൂണുകൾ പോലെ ആരംഭിക്കയുമുണ്ടായി.

ഓർത്തഡോക്സ് സഭകൾ

മലങ്കര ഓർത്തഡോക്സ് സഭ, കോപ്റ്റിക് ഓർത്തഡോക്സ് സഭ, അർമ്മേനിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ, എറിത്രിയൻ ഓർത്തഡോക്സ് സഭ, അന്ത്യോക്യൻ (സിറിയൻ) ഓർത്തഡോക്സ് സഭ എന്നിവയാണ് ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. കോൺസ്റ്റാന്റിനോപ്പിളിലെയും, യെരൂശലേമിലെയും, ഗ്രീസിലെയും മോസ്കോയിലെയും, സെർബിയയിലെയും, റൂമേനിയായിലെയും, ബൾഗേറിയായിലെയും, ജോർജിയായിലെയും, സൈപ്രസ്സിലെയും അന്ത്യോഖ്യയിലെ

യും, പോളണ്ടിലെയും, അൽബേനിയായിലെയും, ചെക്കോസ്ലോവാക്യയിലെയും, അമേരിക്കയിലെയും ഓർത്തഡോക്സ് സഭകൾ സ്വയം ശീർഷകത്വമുള്ള ബൈസന്റിയൻ ഓർത്തഡോക്സ് സഭകളാണ്. അലക്സന്ത്രിയായിലെ സ്വയം ശീർഷകത്വമുള്ള ഗ്രീക്ക് സഭയും ഈ കുടുംബത്തിൽ പെടുന്നു. കൂടാതെ ഫിൻലണ്ടിലെയും, എസ്റ്റോണിയായിലെയും, ജപ്പാനിലേയും, ഉക്രൈനിലെയും, സീനായിലെയും ഒക്കെ ഉൾഭരണ സ്വാതന്ത്ര്യമുള്ള ഓർത്തഡോക്സ് സഭകളും ഇക്കൂട്ടത്തിൽ പെടുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ബൈസന്റീയൻ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള വിശ്വാസപരമായ വ്യത്യാസം നാമമാത്രമാണ്. അതുകൊണ്ടുതന്നെ ഇരുപതാം നൂറ്റാണ്ടിലുണ്ടായ പരസ്പര സംഭാഷണങ്ങളുടെ വെളിച്ചത്തിൽ കുർബാന ഐക്യത്തിലേക്ക് അധികം വൈകാതെ എത്തിച്ചേരുമെന്ന് കരുതുന്നു. ഈ ഓർത്തഡോക്സ് സഭകളിലെല്ലാം കൂടി ഏകദേശം മുപ്പതു കോടിയോളം വിശ്വാസികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

യേശുക്രിസ്തുവിൽ വെളിപ്പെട്ടതും അപ്പോസ്തോലന്മാർ അനുഭവിച്ചറിഞ്ഞതുമായ വിശ്വാസം തലമുറകളിലൂടെ തുടർന്നു പോകുന്നതാണ് ഓർത്തഡോക്സ് വിശ്വാസം. ഓരോ അംഗത്തിനും പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം അനുഭവിക്കാനും ദൈവസ്വഭാവത്തിലേക്ക് വളരുവാനുമുള്ള സാഹചര്യം ഒരുക്കുന്നതുമായ ഒരു വിശ്വാസമാണിത്. കേവലം ആലോചനകളിലൂടെ മാത്രമല്ലെന്നും അതിലുപരിയായി ദൈവാനുഭവത്തിലൂടെയാണ് ജീവിത രൂപാന്തരം സാധ്യമാകുന്നതെന്നും ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. ഭൂമിയിൽ തന്നെ സ്വർഗ്ഗീയാനുഭവം അക്ഷരാർത്ഥത്തിൽ ഒരുക്കുന്ന ആരാധനയും കൗദാശിക ജീവിതവും ഭൗതീകതയുടെ അതിപ്രസരത്തിനു നടുവിൽ സംരക്ഷണവും ആശ്വാസവുമാണ്. നിരന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്ന ലോകത്തിൽ ചരിത്രത്തിലൂടെ പ്രായോഗികമായി പിന്തുടർന്നു വരുന്നതും പരിശുദ്ധ ത്രിത്വാധിഷ്ഠിതവുമായ സ്ഥായിയായ വിശ്വാസം ഒരുക്കുന്ന സുരക്ഷിതത്വവും ഉറപ്പും ഏറെ പ്രസക്തമാണ്. ഈ സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിന് സഭയ്ക്കു മുഴുവനും ചുമതലയുണ്ടെങ്കിലും എപ്പിസ്കോപ്പായും, പരി. എപ്പിസ്കോപ്പൽ സുന്നഹദോസും അക്കാര്യത്തിൽ പ്രത്യേകം പ്രതിജ്ഞാബദ്ധമായിരിക്കുന്നു എന്നത് ഓർത്തഡോക്സിയുടെ പ്രത്യേകതയാണ്.

പുരാതന പൈതൃകം ഉള്ള റോമൻ കത്തോലിക്ക സഭയുമായി താരതമ്യപ്പെടുത്തുമ്പോൾ ഓർത്തഡോക്സ് സഭകൾക്ക് നവീകരണസഭകളെക്കാൾ പല മടങ്ങു സാധർമ്യം കാണുവാൻ കഴിയും. എങ്കിലും മാർപ്പാപ്പയുടെ തെറ്റിക്കൂടായ്മ, ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന അധികാര പരിധി, പാപ്പ മാത്രമാണു പത്രോസിന്റെ ഏക പിന്തുടർച്ച, ആദ്യപാപം സന്തതികളിലൂടെ കൈമാറ്റപ്പെടുന്ന കുറ്റബോധമാണെന്നുള്ള ചിന്ത, 'ഫിലിയൊക്കെ' അഥവാ പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിച്ചു "പിതാവിൽ നിന്നും" എന്ന നിഖ്യാ വിശ്വാസപ്രമാണത്തിലുള്ളതിനോടുകൂടി "പുത്രനിൽ നിന്നും" എന്നു കൂട്ടി

ചേർത്തത്, കന്യക മറിയാമിനെ സംബന്ധിച്ച അമലോൽഭവ വാദം, "ബസ്പൂർക്കാന" അഥവാ ദണ്ഡവിമോചന സ്ഥലം, തുടങ്ങിയ കത്തോലിക്ക സഭയുടെ വിശ്വാസ ചിന്തകൾ ഓർത്തഡോക്സിക്ക് നിരക്കുന്നതല്ല. എങ്കിലും കത്തോലിക്ക സഭയുടെ വിശ്വാസത്തിലുള്ള വൈജാത്യങ്ങളുടെ വിശദാംശങ്ങളിലേക്കു കടക്കുന്നതിലുപരി നവീകരണ സഭകളുടെ വിശ്വാസ രീതികൾ ഓർത്തഡോക്സ് വിശ്വാസ രീതികളിൽ നിന്നു എങ്ങനെ വ്യതിചലിച്ചിരിക്കുന്നു എന്നതാണ് ഈ ലേഖനത്തിൽ തുടർന്നു അന്വേഷിക്കുന്നത്. ഓർത്തഡോക്സ് വിശ്വാസത്തിൽ കാതലായത് വ്യക്തമാക്കികൊണ്ടു ഈ അന്വേഷണം നടത്താം.

ഓർത്തഡോക്സ് വിശ്വാസത്തിന്റെ സത്ത

ഓർത്തഡോക്സ് സഭകൾ പുരാതനമായ അപ്പോസ്തോലിക സഭയുടെ പിന്തുടർച്ചയാണ്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ അപ്പോസ്തോലന്മാർ രൂപപെടുത്തിയ സഭയുടെ കാലഘട്ടങ്ങളിലൂടെയുള്ള രൂപവികാസമാണ് ഓർത്തഡോക്സ് സഭയിൽ കാണുന്നത്. അപ്പോസ്തോലീക വിശ്വാസ പാരമ്പര്യത്തോടു ഏറ്റവുമധികം വിശ്വസ്തത പുലർത്തുന്ന സഭകളാണ് ഓർത്തഡോക്സ് സഭകളെന്ന സത്യം വിനയത്തോടും നന്ദിയോടും സ്മരിക്കേണ്ടതാണ്.

വിശ്വാസം ദൈവീക വെളിപാടിനോടുള്ള മനുഷ്യന്റെ പ്രതികരണമാണല്ലോ. സൃഷ്ടിയിലൂടെയും പ്രവാചകന്മാരിലൂടെയും ഗുരുക്കന്മാരിലൂടെയും തന്നെത്താൻ മനുഷ്യനു വെളിപ്പെടുത്തുന്ന ദൈവം തന്റെ ഏക ജാതനായ ക്രിസ്തുവിലൂടെ സ്നേഹപൂർവ്വം വെളിപെടുത്തിയത് അനുഭവിച്ചറിഞ്ഞ് വിശ്വസിച്ച അപ്പോസ്തോലന്മാർ ഉൾപ്പെടെയുള്ള ആദിമ സഭാസമൂഹം ആ വിശ്വാസം തലമുറകളിലൂടെ കൈമാറാൻ സഭയ്ക്ക് അടിസ്ഥാനമിട്ട് ക്രമീകരണം ചെയ്തു. പരിശുദ്ധാത്മ സഹായത്താൽ ആ വിശ്വാസം വിവിധ രീതിയിൽ ആവിഷ്കരിച്ചതിനെ ഒരുമിപ്പിച്ച് ആണ് ഓർത്തഡോക്സ് സഭകൾ വിശ്വാസ പാരമ്പര്യമായി മനസിലാക്കുന്നത്. വി. വേദപുസ്തകവും, ആരാധനയും, വിശ്വാസപ്രമാണവും, സഭാപിതാക്കന്മാരുടെ എഴുത്തുകളും വിശുദ്ധന്മാരുടെ ജീവിത സാക്ഷ്യവും എല്ലാം ഈ പാരമ്പര്യത്തിന്റെ ആവിഷ്ക്കാരങ്ങൾ ആണ്.

വേദപുസ്തകവും സഭാവിശ്വാസവും

വേദപുസ്തകം ഈ വലിയ പാരമ്പര്യത്തിന്റെ ഒരു പ്രമുഖ ഘടകമാണ്. വേദപുസ്തകവും പാരമ്പര്യവും എന്ന് ഈ കാര്യത്തിൽ വേർതിരിച്ച് ചിന്തിക്കുകയല്ല. അതേ സമയം ഈ വലിയ പാരമ്പര്യത്തിനു വിരുദ്ധമാകാത്ത ചെറു പാരമ്പര്യങ്ങൾ സഭയുടെ വികാസ പരിണാമത്തിൽ ഓരോ പ്രദേശത്തും ഉണ്ടായിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. വേദപുസ്തകം, പ്രത്യേകിച്ച് പുതിയ നിയമം സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാന രേഖയാണ്. എന്നാൽ കത്തോലിക്കാ സഭയോട് പ്രതിഷേധിച്ച് രൂപപ്പെട്ട നവീകരണ സഭകളും അവയിൽ നിന്നുണ്ടായ സമാന്തര വിഭാഗങ്ങളും, ആധുനിക റിവൈവൽ സംഘങ്ങളും കരിസ്മാറ്റിക് സമൂഹങ്ങളും എല്ലാം "വേദപുസ്തകം മാത്രം" (Sola Scriptura) എന്ന പ്രമാണം ഉയർത്തിപിടിക്കുന്നവരാണ്. വേദപുസ്തകത്തെ ആദരപൂർവ്വം കരുതുകയും ജീവനുള്ള വചനങ്ങളുടെ അറിയിപ്പായി വായിച്ചു കേൾക്കുകയും ചെയ്യുന്ന ഓർത്തഡോക്സ് സഭ ഈ പ്രമാണം സ്വീകരിക്കുന്നില്ല. "വേദപുസ്തകം മാത്രം" എന്നത് ഊന്നൽ നൽകുമ്പോൾ വേദപുസ്തകം ഇന്നത്തെ രീതിയിൽ രൂപപ്പെട്ടിട്ടില്ലാതിരുന്ന ആദിമ ക്രിസ്തീയ സഭയുടെ ക്രിസ്തീയ ജീവിതം എങ്ങനെയായിരുന്നു എന്നത് ചോദിക്കേണ്ടിവരും.

പള്ളി, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ആരംഭവും വളർച്ചയും നോക്കുമ്പോൾ അതിന്റെ ജൂബിലിക്ക് പ്രസിദ്ധീകരിക്കുന്ന ഒരു സുവനീർ മാത്രം കൊണ്ട് ആ സ്ഥാപനം സംബന്ധിച്ച സകലവും ആയി എന്ന് പറയുന്നത് അഭികാമ്യമല്ല. സുവനീറിലെ റിപ്പോർട്ടിൽ ആ സ്ഥാപനത്തിന്റെ ചരിത്രത്തിന്റെയും പ്രവർത്തനങ്ങളുടെയും പ്രവർത്തകരുടേയും എല്ലാ വസ്തുതകളും പൂർണ്ണമായി ഉൾക്കൊള്ളിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതുകൊണ്ട് ആ സുവനീറിലെ റിപ്പോർട്ടിൽ പറയുന്നത് അസത്യമാണെന്ന് അർത്ഥമില്ല. ഇതുപോലെയാണ് വേദപുസ്തകത്തിന്റെ കാര്യവും. യേശുക്രിസ്തു ചെയ്ത പല കാര്യവും സുവിശേഷത്തിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞില്ല എന്ന് വി. യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളതും (വി. യോഹ. 20:30, 21:25) എഴുതപ്പെടാത്ത പാരമ്പര്യങ്ങളെയും മുറുകെപിടിക്കുവാൻ പ. പൗലോസ് ശ്ലീഹായും മറ്റും ഓർമ്മിപ്പിക്കുന്നതും (2 തെസ്സ 2:15, 3:6) ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ഓർത്തഡോക്സ് സഭകളിലെ ആരാധനയുടെയും കൂദാശകളുടെയും പൗരോഹിത്യത്തിന്റെയും ഒക്കെ സാധർമ്യം സൂചിപ്പിക്കുന്നത് സഭയുടെ ആരംഭം മുതലുള്ള തുടർച്ചയും വികാസവുമാണ്. ഒരു പള്ളിയുടെ ജൂബിലിക്ക് ഇറക്കുന്ന റിപ്പോർട്ടിൽ ആ പള്ളിയിലെ അംഗങ്ങൾ വി. കുർബാന കർത്താവിന്റെ തിരുശരീര രക്തങ്ങളായി വിശ്വസിച്ചു സ്വീകരിക്കുന്നു എന്ന് എഴുതിയിട്ടില്ലായിരിക്കും. ഇക്കാരണത്താൽ ആ റിപ്പോർട്ട് ഒരു നൂറ്റാണ്ടിനു ശേഷം ആ പള്ളിയിൽ പെടാത്ത ഒരു കൂട്ടം ആളുകൾ ചേർന്ന് വ്യാഖ്യാനിക്കുമ്പോൾ ആ പള്ളിയുടെ ആരംഭത്തിൽ വിശ്വാസികൾ വി. കുർബാനയെ തിരുശരീര രക്തങ്ങളായി കരുതിയിരുന്നില്ല എന്ന് പറഞ്ഞാൽ ആ പള്ളിയുടെ യഥാർത്ഥ പിന്തുടർച്ചക്കാർ അത് സ്വാഭാവികമായും നിഷേധിക്കും. ഇതു പോലെയാണ് വേദപുസ്തകം ദുരുപയോഗപ്പെടുത്തിയും ദുർവ്യാഖ്യാനങ്ങൾ നല്കിയും ആദിമസഭയുടെ വിശ്വാസ പാരമ്പര്യ തുടർച്ചയുള്ള ഓർത്തഡോക്സ് സഭാ വിശ്വാസത്തെ പലരും വിമർശിക്കുവാൻ ശ്രമിക്കുന്നത്. പരിശുദ്ധ ത്രിത്വ വിശ്വാസം സഭയുടെ അടിസ്ഥാന വിശ്വാസമാണ്. പിതാവും പുത്രനും പരിശുദ്ധ റൂഹായും ചേർന്ന നിത്യമായ സ്നേഹസമൂഹമാണ് ത്രിയേകദൈവം. പിതാവ് മാറി ചരിത്രത്തിൽ പുത്രനായി വരികയായിരുന്നു. നിത്യതയിൽ പിതാവിനൊപ്പമുണ്ടായിരുന്ന ദൈവപുത്രൻ ചരിത്രത്തിൽ മനുഷ്യാവതാരം ചെയ്യുകയായിരുന്നു. പുത്രനും പരിശുദ്ധ റൂഹായും സൃഷ്ടിക്കപ്പെട്ടവരല്ല. സ്രഷ്ടാവായ പിതാവിനൊപ്പം ആരാധിക്കപ്പെടേണ്ടവർ ആണ്. പരി. ത്രിത്വത്തിൽ മൂന്ന് വ്യത്യസ്ത വ്യക്തിത്വങ്ങൾ ഉണ്ടെങ്കിലും മൂന്നുപേരും ഏക ഇച്ഛയും ദൈവത്വമെന്ന ഏക സാരാംശമുള്ളവരുമാണ്. കർത്താവിന്റെ മാമോദിസായിൽ വെളിപ്പെട്ട പ. ത്രിത്വത്തിന്റെ പ്രകാശനം - ദനഹ (വി. മത്തായി 3:13-17) കൂടുതൽ വ്യക്തമാവുകയും നിഖ്യാ വിശ്വാസപ്രമാണത്തിൽ അത് ക്രോഡീകരിക്കുകയും ചെയ്തിരിക്കുന്നു.



ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സംയോജിച്ചുണ്ടായ പൂർണ്ണ ആളത്വമായിരുന്നു യേശുക്രിസ്തു. ദൈവപുത്രന്റെ മർത്തീകരണം ഒരു വലിയ രഹസ്യമാണ്. അവിടുന്ന് മനുഷ്യനായി കേവലം കാണപ്പെടുക മാത്രമല്ല. പൂർണ്ണമായി മനുഷ്യനായി തീരുകയായിരുന്നു. ക്രമേണ ഒരു വലിയ ഗുരുവായി തീർന്ന ഒരു മനുഷ്യൻ മാത്രമല്ലായിരുന്നു ക്രിസ്തു. അദൃശ്യനായ ദൈവത്തിന്റെ സ്വഭാവം ചരിത്രത്തിൽ വെളിപ്പെടുത്തുകയും പൂർണ്ണ മനുഷ്യത്വം എന്തെന്ന് തെളിയിച്ചു കാണിക്കുകയും ചെയ്ത ഒരു വലിയ രഹസ്യമായ വ്യക്തിത്വമായിരുന്നു ക്രിസ്തുവിന്റേത്. ക്രിസ്തുവിന്റെ മനുഷ്യാവതാരവും, പഠിപ്പിക്കലുകളും , ക്രൂശുമരണവും, ഉയിർപ്പും എല്ലാം രക്ഷാകരമാണ്. ക്രിസ്തു സകല നിഷേധാത്മക സ്വാധീനങ്ങളിൽ നിന്നും സ്വാതന്ത്ര്യവും ജീവന്റെ സഫലീകരണവും സാധ്യമാക്കുന്ന സമൃദ്ധമായ ജീവന്റെ ഉറവയാണ്. പാപത്തെയും മരണത്തെയുമെല്ലാം അതിജീവിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റവും നിർണ്ണായകമാണ്. റോമൻ കത്തോലിക്കാ സഭാ പാരമ്പര്യത്തിൽ ക്രൂശിതരൂപവും മറ്റും ധാരാളമായി ഉപയോഗിക്കുമെങ്കിലും ഓർത്തഡോക്സ് സഭകൾ ശൂന്യമായ ക്രൂശുകൾ ഉപയോഗിക്കുന്നത് ക്രിസ്തു ഉയിർത്തിരിക്കുന്നു എന്ന സത്യം നിരന്തരം പ്രഖ്യാപിക്കാനാണ്.

ക്രിസ്തുവിൽ വിശ്വസിക്കുകയും അനുഗമിക്കുകയും ചെയ്തവർ പരിശുദ്ധാത്മശക്തിയാൽ പെന്തക്കോസ്തി ദിവസം മുതൽ ഒരു സഭയായി രൂപപ്പെട്ടു വളർന്നത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിരുന്നു. ദൈവത്തെ സ്നേഹിച്ചും ആരാധിച്ചും ജീവിക്കുവാനും ദൈവസ്നേഹം വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തിനു വെളിപ്പെടുത്തികൊടുക്കുവാനും ക്രിസ്തുവിൽ വിളിക്കപ്പെട്ട സമൂഹമാണ് സഭ. എന്നാൽ വർത്തമാനകാലത്തെ അംഗങ്ങൾ മാത്രമുള്ള ഒരു സംഘമായി മാത്രമാണ് നവീകരണ പാരമ്പര്യത്തിലുള്ള മിക്കവരും സഭയെ കാണുന്നത്. വിശ്വാസികളായി കടന്നുപോയവരും ചരിത്രത്തിൽ ജീവിക്കുന്നവരും വരുവാനുള്ളവരും എല്ലാം ചേർന്ന് വരുന്ന വിശുദ്ധ സമൂഹമാണ് സഭ എന്നതാണ് ഓർത്തഡോക്സ് വിശ്വാസം. ഒരോ പ്രദേശങ്ങളിലും അല്ലെങ്കിൽ ഒരോ രാജ്യത്തും സ്വയം ഭരണാവകാശമുള്ള സമൂഹമായി നിലകൊള്ളുന്നത് ഐക്യത്തിനു തടസ്സമായി ഓർത്തഡോക്സ് വിശ്വാസം പഠിപ്പിക്കുന്നില്ല. ഏക അപ്പോസ്തോലിക വിശ്വാസത്തിന്റെ പൂർണ്ണതയും പിന്തുടർച്ചയും സഭയുടെ ഐക്യവും അപ്പോസ്തോലികത്വവും ഉറപ്പുവരുത്തുന്നു. പാപവും കുറവുമുള്ള അംഗങ്ങൾ ഉണ്ടെങ്കിലും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും പൂർണ്ണതയും പൂർത്തിവരുത്തുന്നവനുമായ സഭയുടെ തലവനായ ക്രിസ്തുവിനോടു ചേർന്ന് വിശുദ്ധിയിലേക്ക് പുരോഗമിക്കുന്ന ഒരു തീർത്ഥസംഘമായാണ് സഭയുടെ ആത്മബോധം. ക്രിസ്തുവിനെപ്പോലെ എല്ലാവർക്കും വേണ്ടി നിലകൊള്ളുന്ന ക്രിസ്തുസാന്നിധ്യമായ സഭ കാതോലികമാണ്. ലോകത്തിൽ ദൈവരാജ്യത്തിന്റെ പ്രതീകവും ഉപകരണവുമായിരിക്കുകയും അംഗങ്ങളുടെ ദൈവീകരണം ഉറപ്പാക്കുകയും ചെയ്യുവാനുള്ള നിയോഗമാണ് സഭയ്ക്കുള്ളത്.

യൂറോപ്പിലെ കത്തോലിക്കാ സഭയുടെ അധികാരകേന്ദ്രങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ആരംഭിച്ച നവീകരണ ശ്രമങ്ങൾ ക്രമേണ ആവശ്യത്തിലധികം വ്യക്തികേന്ദ്രീകൃതമായ ശൈലിയിലേക്ക് നീങ്ങുകയായിരുന്നു. കൈവെയ്പ്പിനാൽ കൈമാറ്റപ്പെട്ടുവന്ന സഭയിലെ അധികാരങ്ങളെ എതിർത്ത് സഭയെ തകർത്തു ഓരോ വിശ്വാസിയെയും അധികാര കേന്ദ്രമാക്കാൻ ശ്രമിച്ചപ്പോൾ വളരെ വ്യത്യസ്തങ്ങളായ വേദവ്യാഖ്യാനങ്ങളും വിശ്വാസ പഠിപ്പിക്കലുകളും ഉണ്ടാവുകയും സഭകൾ നിരന്തരം വിഭജിക്കപ്പെടുകയും ചെയ്തു. ''വേദപുസ്തകം മാത്രം'' ഏക അധികാര മാർഗ്ഗനിർദ്ദേശം എന്നു കരുതി രൂപപ്പെട്ട നവീകരണസഭ ക്രമേണ അനേക വിഭാഗങ്ങളായി വിഭജിക്കപ്പെട്ടത് സഭയെ അവഗണിക്കുന്ന വ്യക്തികേന്ദ്രീകൃത ശൈലി ശക്തിപ്പെട്ടതു കൊണ്ടല്ലേ?. ബിഷപ്പും, മൂപ്പനും, ശെമ്മാശനും (ഫിലി. 1.1, യാക്കോ. 5.14) ഉൾക്കൊള്ളുന്ന സഭാ ശുശ്രൂഷാ ശ്രേണി ആദിമസഭയിൽ തന്നെ ആരംഭിച്ച് ക്രമേണ വികാസം പ്രാപിച്ചതാണ്. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലെഴുതിയ പ. ഇഗ്നാത്തിയോസ് നൂറോനോയുടെ എഴുത്തുകൾ ഉൾപ്പെട്ട രേഖകളും മെത്രാപ്പോലീത്ത, പുരോഹിതൻ, ശെമ്മാശൻ എന്നിങ്ങനെയുള്ള സഭയുടെ ത്രിവിധ പ്രത്യേക ശുശ്രൂഷ നേതൃത്വത്തിലേക്ക് വെളിച്ചം വീശുന്നതാണ്. മഹാപുരോഹിതനായ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പങ്കുചേരുന്ന നേതൃത്വം എന്ന അർത്ഥത്തിൽ ഓരോ പ്രദേശത്തെയും സഭയുടെ അധ്യക്ഷനെ പുരോഹിതൻ എന്നു വിളിക്കുന്നത് മൂന്നാം നൂറ്റാണ്ടു മുതൽ കൂടുതൽ വ്യക്തമാകുന്നു. വടക്കേ അമേരിക്കയിൽ പതിനെട്ടാം നൂറ്റാണ്ടിലും മറ്റും ആരംഭിച്ച് വളർന്ന റിവൈവൽ ക്രിസ്തീയ സമൂഹങ്ങളിലും അവയുടെ തുടർച്ചയായ പെന്തക്കോസ്തു വിഭാഗങ്ങളിലും സകല വിശ്വാസികളുടെയും രാജകീയ പൗരോഹിത്യം പറഞ്ഞുകൊണ്ടു സഭയിലെ പ്രത്യേക പൗരോഹിത്യ ശുശ്രൂഷാ സംവിധാനങ്ങളോടുള്ള എതിർപ്പും വിമർശനവും ശക്തമാക്കി. എല്ലാ വിശ്വാസികൾക്കും ലഭിക്കുന്ന ആദ്യ പട്ടം കൊടയായ മാമോദീസായിലൂടെ കിട്ടുന്ന പൗരോഹിത്യ നൽവരം ഉണ്ടെങ്കിലും പ്രത്യേകം വിളിച്ച് വേർതിരിച്ചു പട്ടം നൽകുന്നത് വഴി കുറേ പേർ പ്രത്യേക ക്രിസ്തുസാന്നിദ്ധ്യ നേതൃത്വമായി പരിണമിക്കുന്നു എന്ന പുരാതന വിശ്വാസം ഓർത്തഡോക്സ് സഭകൾ നിലനിർത്തുന്നു.

ഓർത്തഡോക്സ് സഭ നിരന്തരമുള്ള പ്രാർത്ഥനാ ജീവിതവും കൂദാശാനുഷ്ഠാനങ്ങളും നിഷ്കർഷിക്കുന്നതിന്റെ ഉദ്ദേശ്യം മാമോദീസായിലൂടെ ക്രിസ്തുവിൽ ജനിച്ച ഓരോരുത്തരും ക്രിസ്തുവെന്ന തലയോളം വളരണമെന്ന ലക്ഷ്യത്തോടെയാണ്. ഈ ദൈവീകരണ പ്രകീയ ജീവിതം മൂഴുവൻ തുടർന്നുകൊണ്ടേ ഇരിക്കേണ്ടതാണ്. ദൈവപുത്രൻ മുനുഷ്യനായത് മനുഷ്യർ ദൈവപുത്രന്മാരാകേണ്ടതിനാണെന്നും, ദൈവത്തെപോലെ ആകുക അഥവാ ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണു (വി. മത്തായി 5.45; 2 പത്രോസ് 1.4, 3 കൊരിന്ത്യർ 3.18) പരമ പ്രധാന ജീവിത ലക്ഷ്യമെന്നും ഓർത്തഡോക്സ് വിശ്വാസം നിഷ്കർഷിക്കുന്നു. ക്രിസ്തുവിനെപ്പോലെ കരുണയും, ത്യാഗവും, ക്ഷമയും, ദൈവ സംസർഗവുമൊക്കെയുള്ള മനുഷ്യരായി നിരന്തരം കൃപ പ്രാപിച്ചു വളരുവാനുള്ള സാദ്ധ്യത ഓരോരുത്തരിലും ഉണ്ട്. ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട (ഉല്പത്തി 1.26, 27) അഥവാ ക്രിസ്തുവിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സാക്ഷാത്കാരം സാധ്യമാകുന്ന ഈ ദൈവീകരണ പ്രക്രീയ ഓർത്തഡോക്സ് ആത്മീയതയുടെ ഏറ്റവും പ്രധാനമായ ലക്ഷ്യമാണ്. ഒരു വിത്ത് വളർന്ന് മരമാകുന്നത് പോലെ ഒരു മനുഷ്യൻ ക്രിസ്തുവിൽ പൂർണ്ണ മനുഷ്യനായി തീരുന്ന ഈ പ്രക്രിയയെ മാനുഷീകരണം എന്നും വിളിക്കാം.

എന്നാൽ ആധുനിക നവീകരണസഭകളും മറ്റും ''പ്രവൃത്തിയാലുള്ള രക്ഷ'' എന്നു തെറ്റായി പഠിപ്പിച്ച് ആദിമ നൂറ്റാണ്ടു മുതൽ സഭയിൽ ശക്തമായി നിൽക്കുന്ന ഈ ദൈവീകരണ ദർശനത്തെ അവഗണിക്കുന്നു. വിശ്വാസം മാത്രം (sola fide) എന്നും, കൃപ മാത്രം (sola gracia) എന്നും ഉള്ള പഠിപ്പിക്കലുകളിലൂടെ എതിർക്കുന്നത് പുരാതന സഭകളുടെ ആത്മീയാനുഷ്ഠാനങ്ങളെയാണ്. അതേ സമയം തന്നെ ഉദ്ദിഷ്ഠകാര്യ സാധ്യത്തിനായി ഈ നൂതന വിഭാഗങ്ങളിൽ ഉപവാസവും പ്രാർത്ഥനയുമൊക്കെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പ. പൗലൊസ് ശ്ലീഹാ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളെ എതിർക്കുകയും ക്രിസ്തുവിൽ ലഭ്യമായ രക്ഷയെ ഉയർത്തികാട്ടുകയും ചെയ്യുന്നതല്ലാതെ ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടു വളരുവാനുള്ള കൃപ സ്വീകരിക്കുവാനായി ആത്മീയാനുഷ്ഠാനങ്ങൾ നടത്തുന്നതിനെ എതിർക്കുന്നില്ല. വിശ്വാസത്താലുള്ള രക്ഷയെന്നത് ഓർത്തഡോക്സ് പഠിപ്പിക്കലിലും പ്രധാനമാണ്. എന്നാൽ ഓർത്തഡോക്സ് ക്രിസ്ത്യാനി ദൈവീകരണത്തിനായുള്ള കൃപ പ്രാപിച്ചു വളരുവാൻ നിരന്തരം ദൈവത്തോട് സഹകരിക്കുവാനായി നിർവഹിക്കുന്ന ആചാരാനുഷ്ഠാനങ്ങളെ വിശ്വാസത്തിനു വിരുദ്ധമായി കാണുന്നില്ല. പ. പൗലോസ് ശ്ലീഹാ ''രക്ഷക്കായി പ്രവർത്തിപ്പിൻ ''(ഫിലിപ്യർ 2.12) എന്നു പഠിപ്പിക്കുന്നതും മറ്റും ഈ വെളിച്ചത്തിൽ മനസിലാക്കേണ്ടതാണ്. ഒരു പ്രത്യേക സമയത്ത് ജീവിതത്തിൽ അനുഭവപ്പെട്ട മാനസാന്തരം പൂർണ്ണ രക്ഷയായി എന്നു തെറ്റിദ്ധരിച്ചിരിക്കുന്ന നൂതന ക്രിസ്തീയ വിഭാഗങ്ങൾക്ക് ഇതിന്റെ അർത്ഥം മനസിലാക്കുവാൻ ബുദ്ധിമുട്ടായിരിക്കാം. രക്ഷ വാഗ്ദാനം ചെയ്ത് പാപമോചനച്ചീട്ട് വിൽപ്പന നടത്തുന്നതുൾപ്പെടെയുള്ള പല ഹീന നടപടികളിലേക്കും സഭ അധഃപതിച്ചപ്പോളാണല്ലോ മാർട്ടിൻ ലൂഥറിനെ പോലെയുള്ളവർ ''വിശ്വാസത്താൽ മാത്രം'' എന്നു പറഞ്ഞു കത്തോലിക്ക സഭയോടു ശക്തമായി പ്രതിഷേധിച്ചത്. അദ്ദേഹം റോമ ലേഖനം 3:28 ജർമ്മൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ''മാത്രം'' എന്ന അർത്ഥം വരുന്ന ALLIEN എന്ന ജർമ്മൻ വാക്ക് കൂട്ടിചേർത്തത് ഈ പശ്ചാത്തലത്തിലാണ്. വേദപുസ്തകത്തിൽ ''വിശ്വാസത്താൽ മാത്രം'' എന്നു പറഞ്ഞിരിക്കുന്ന ഏക ഭാഗം നിഷേധാത്മകമായ അർത്ഥത്തിൽ യാക്കോബിന്റെ ലേഖനം 2:24 – ൽ ആണ്. അവിടെ വിശ്വാസം പ്രവൃത്തികളാൽ പ്രകടമാകണം എന്ന അർത്ഥത്തിൽ പ്രവൃത്തിയാലുള്ള നീതീകരണം പറഞ്ഞിരിക്കുന്നതും ക്രിസ്തീയ വിശ്വാസത്തിൽ നിർണ്ണായകമാണ്.

വിശുദ്ധ കൂദാശകളുടെ അടിസ്ഥാനം ദൈവപുത്രന്റെ മനുഷ്യാവതാരമാണ്. കാണാനും കേൾക്കാനും തൊടാനും പറ്റത്തക്കവിധം ദൈവപുത്രൻ മനുഷ്യനായ മഹാ രഹസ്യമാണത്. ഈ രഹസ്യത്തിന്റെ അനുഭവം ആണ് വിശുദ്ധ കൂദാശകളിലൂടെ സാധ്യമാകുന്നത്. കൂദാശകളിൽ അനുഭവിച്ചറിയാൻ കഴിയുന്ന അപ്പ വീഞ്ഞുകളും, എണ്ണയും, വെള്ളവുമൊക്കെ ദൈവകൃപയുടെ മുഖാന്തിരങ്ങളാകുന്നു. ആദ്യകാല നവീകരണ കർത്താക്കൾ കൂദാശകളുടെ എണ്ണം രണ്ടായി പരിമിതപ്പെടുത്തിയെങ്കിൽ അവരുടെ പിൻതലമുറക്കാർ കൂദാശകളെ വെറും പ്രതീകമായി അവതരിപ്പിക്കുകയും ചെയ്തു. ഇവരുടെ ആധുനിക തല മുറയുടെ നൂതന ചിന്തയിൽ മാമോദീസ തുടങ്ങിയ ശുശ്രൂഷകൾ സ്വീകരിക്കുന്ന ആളിൽ പ്രത്യേകമായ കൃപാനുഭവം ഒന്നും തന്നെ ഉണ്ടാകുന്നില്ല. എന്നാൽ വേദകൽപ്പന ഉള്ളത് കൊണ്ട് നിർവഹിക്കുന്നു എന്നു മാത്രം.

കൂദാശകളോട് എന്ന് മാത്രമല്ല ആദ്ധ്യാത്മീകതയും, പദാർത്ഥമയമായതും തമ്മിലൊരു ബന്ധവുമില്ല എന്ന തെറ്റിധാരണയിൽ ആരാധനാലയത്തിനും, തപശ്ചര്യകൾക്കും, കുമ്പിടീലിനും, ഐക്കണുകൾക്കും, കുരിശിനും, ഇതര ആരാധന പ്രതീകങ്ങൾക്കും ഒന്നും ആദരജനകമായ ഒരു പ്രത്യേകതയും ഈ നവവിശ്വാസ കൂട്ടായ്മ നൽകുന്നില്ല. പദാർത്ഥമായതെല്ലാം തിൻമയാണെന്ന് തെറ്റിദ്ധരിച്ചു ക്രിസ്തുവിന്റെ മനുഷ്യത്വത്തെ അംഗീകരിക്കാതിരിക്കുന്ന 'തോന്നൽ വാദക്കാരേ' ആദിമ സഭ അംഗീകരിക്കുന്നില്ല. (1 യോഹന്നാൻ 4:2) ആദ്ധ്യാത്മീകതയെ മനസിലും, രഹസ്യമായ ജ്ഞാനത്തിലും ഒതുക്കി പദാർത്ഥമായ കൂദാശാനുഭവങ്ങളെ പാടെ അവഗണിച്ച ജ്ഞാനവാദക്കാരേയും ആദിമ സഭ പുറംതള്ളുകയായിരുന്നല്ലോ. ആദിമസഭ നേരിട്ട ഈ വിരുദ്ധനിലപാടുകളെ ഓർമിപ്പിക്കുന്ന വിശ്വാസ ശൈലിയാണ് ഓർത്തഡോക്സ് വിശ്വാസത്തെ വേദ വിരുദ്ധമായി ചിത്രീകരിക്കാൻ ശ്രമിക്കുന്ന നൂതന ''ക്രിസ്തീയ'' വിഭാഗക്കാർ പിന്തുടരുന്നത്. ഇതിന്റെ അനന്തരഫലമായി ഈ ലോകത്തിലെ തിന്മകളിൽ നിന്നെല്ലാം പിൻമാറുന്ന നിഷ്ക്രിയത്വവും നിസംഗതയും വർധിക്കുന്നു. അതേ സമയം തന്നെ സ്വന്തം ആർഭാടങ്ങൾ വർദ്ധിപ്പിക്കുന്ന സമൃദ്ധിയുടെ സുവിശേഷം വേണ്ടുവോളം ആസ്വദിക്കുകയും ചെയ്യുന്നു.

യുഗാന്ത്യം സംബന്ധിച്ചും മരണാനന്തരാനുഭവം സംബന്ധിച്ചും വളരെ പ്രത്യാശനിർഭരമായ വിശ്വാസം ഓർത്തഡോക്സ് ക്രിസ്തീയ വിശ്വാസത്തിലുണ്ടെങ്കിലും അവയുടെ സുദീർഘമായ വിശദീകരണങ്ങൾ സാധാരണ നടത്തിക്കാണുന്നില്ല. ക്രിസ്തുവിന്റെ പ്രത്യക്ഷത, പൊതുവായ ഉയിർപ്പ്, ന്യായവിധി, ദൈവത്തോടൊപ്പമുള്ള നിത്യത തുടങ്ങിയവയൊക്കെയാണ് യുഗാന്ത്യ ചിന്തയുടെ ഉള്ളടക്കം. തന്റെ വലിയ മഹത്വത്തോടെ വരുവാനിരിക്കുന്നവനും. ''തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹായിലും'' ഉള്ള വിശ്വാസവും ''മരിച്ചുപോയവരുടെ ഉയിർപ്പിലും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുവേണ്ടിയുള്ള പ്രത്യാശയും'' എല്ലാ ദിവസവും നിഖ്യാ വിശ്വാസ പ്രമാണത്തിലൂടെ നാം ഉറപ്പിച്ച് പറയുകയും ചെയ്യുന്നതാണല്ലോ. എന്നാൽ നൂറ്റാണ്ടുകളായി റിവൈവൽ ക്രിസ്തീയത പ്രചരിപ്പിച്ച് വരുന്ന യുഗാന്ത്യ ചിന്തയിൽ ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയിൽ ക്രിസ്ത്യാനികൾ അവനോട് ചേരുവാൻ പെട്ടെന്ന് ആകാശത്തിലേക്ക് എടുക്കപ്പെടുകയും അവശേഷിക്കുന്നവർ ഭൂമിയിൽ പീഡിപ്പിക്കപെടുകയും ചെയ്യുന്നതിന്റെ ആക്ഷരിക വിശദാശംങ്ങളുമുണ്ട്. 1 തെസലോനീക്യർ 4.16-17 ന്റെ അപകടകരമായ ഈ ആക്ഷരിക വ്യാഖ്യാനം ആദ്യ പതിനെട്ടു നൂറ്റാണ്ടുകളിൽ പരിചയമില്ലാതിരുന്ന വിശ്വാസ വ്യാഖ്യാനമാണ്. ക്രിസ്തുവിന്റെ പോലും പഠിപ്പിക്കലിനെതിരായി തന്റെ പ്രത്യക്ഷതയുടെ തീയതി കൃത്യമായി പറഞ്ഞു പ്രവചിക്കുന്ന രീതിയും ഈ കൂട്ടരിൽ പലരും അവലംബിച്ചു കാണുന്നു.

ഓർത്തഡോക്സ് വിശ്വാസത്തോടുള്ള മമത തീവ്രവാദമോ വർഗീയതയോ അല്ല. മതതീവ്രവാദവും മതവിരുദ്ധമായ സെക്കുലർ ചിന്തയും ഒഴിവാക്കേണ്ടതാകുന്നു. ഓർത്തഡോക്സ് സഭയിൽ ഉൾപ്പെട്ടുകൊണ്ട് ഓർത്തഡോക്സ് വിശ്വാസം പ്രായോഗികമായി അനുഭവിക്കുമ്പോൾ വിശുദ്ധിയുടേയും നീതിയുടേയും സമാധാനത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള വേരുകൾ ശക്തീകരിക്കപ്പെടും. ഈ വിശ്വാസാനുഭവത്തിൽ വേരൂന്നീ ഇതര സഭകളോടും മതങ്ങളോടും മത രഹിത ലോകത്തോടും ബന്ധപ്പെട്ട് ദൈവരാജ്യത്തിന്റെ വെളിച്ചം ഈ ലോകത്തിന് നൽകുവാനുള്ള നിയോഗമാണ് ഓർത്തഡോക്സ് ക്രിസ്തീയ സഭയ്ക്കുള്ളത്.

❑

സോഷ്യൽ ഡിജിറ്റൽ പാനോപ്റ്റിക്കോണിന്റേയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റേയും സാദ്ധ്യത Gen Beta തലമുറയിലും ആത്മീയ മേഖലയിലും

മെർലിൻ റ്റി. മാത്യു പുത്തൻകാവ്

പ്രശസ്ത വേദപണ്ഡിതനായ 'ബില്ല്യം ബാർക്ലെ' ആധുനിക തലമുറയെ ക്കുറിച്ച് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. "ആധുനിക തലമുറയ്ക്ക് എല്ലാറ്റിനെയും അറിയുവാൻ വിവരസാങ്കേതിക വിദ്യയുണ്ട്. പക്ഷേ ഒന്നിന്റേയും മൂല്യം അറിയില്ല". സ്നേഹം, നീതിബോധം, സത്യസന്ധത, ദയ, ജീവിതവിശുദ്ധി, അച്ചടക്കം, കൃത്യനിഷ്ഠ, അദ്ധ്വാനശീലം, വിനയം ഇവയാ ണല്ലോ പ്രധാന ജീവിത മൂല്യങ്ങൾ. എന്നാൽ നാം ജീവിക്കുന്ന ചുറ്റുപാടിൽ സോഷ്യൽ മീഡിയയുടെ അതിപ്രസരവും ആർട്ടഫിഷ്യൽ ഇന്റലിജൻസിന്റെ കടന്നു കയറ്റവും, Gen Z (2005-2015) Gen Alpha (2015-2026) Gen Beta (2026-2039) ഈ തലമുറകളെ അതിവേഗം സ്വാധീനിച്ചുകൊണ്ടിരിക്കയാണ്.

ആത്മീയ മേഖലയിലും ആയതിന്റെ കടന്നാക്രമണവും ഫലങ്ങളും വിദൂരമല്ലാത്ത ഭാവിയിൽ തലമുറകളിലൂടെ പ്രതീക്ഷിക്കേണ്ട ഒരു യാഥാർത്ഥ്യം തന്നെയാണ്.

Part A- Gen Beta

2025-2039 ഇടയിൽ ജീവിക്കുന്ന ജെൻ ബീറ്റ വിദ്യാർത്ഥികളും തലമുറകളും അഭിമുഖീകരിച്ചേക്കാവുന്ന ചില സമകാലിക പ്രശ്നങ്ങൾ:-

1. Lackness of Mental Health :-

മാനസിക ആരോഗ്യ ആശങ്കകൾ:-

അക്കാദമികവും സാമൂഹികമായ സമ്മർദ്ദങ്ങൾ വ്യക്തി ജീവിതത്തിൽ ഏറി വരുമ്പോൾ, ഉത്കണ്ഠയും വിഷാദവും തളർച്ചയും അഭിമുഖീകരിക്കേണ്ടി വരികയാണ്. മാത്രമല്ല ദീർഘനേരം 'സോഷ്യൽ മീഡിയ സ്ക്രീനുകൾ' ഉപയോഗിക്കേണ്ടി വരുന്നതിനാൽ, സാമൂഹിക ഒറ്റപ്പെടലിനും, ആത്മാഭിമാ നക്കുറവിനും, മാനസിക വിഭ്രമത്തിനും, നിരാശയ്ക്കും അത് കാരണമായി ത്തീർന്നേക്കാം. (eg: **മാലിദ്വീപിൽ ക്ലാസ്സ് റൂമിൽ വീഡിയോ ഗെയിം കളിച്ചു കൊണ്ടിരുന്ന വിദ്യാർത്ഥിയുടെ കൈയ്യിൽ നിന്നും അദ്ധ്യാപിക, ബലമായി അത് വാങ്ങിയപ്പോൾ അദ്ധ്യാപികയുടെ മൂക്കിൽ വിദ്യാർത്ഥി ഇടിച്ച സംഭവം)**

2. സൈബർ സുരക്ഷ ആശങ്കകളും ഡേറ്റ സ്വകാര്യതാ പ്രശ്നങ്ങളും

പാനോപ്റ്റിക്കോൺ എന്ന ആശയം ആദ്യം ഒരു ജയിലിന്റെ മാതൃക ദൃഷ്ടാന്തപ്പെടുത്തിയാണ് വന്നത്. (കടപ്പാട് MICHEL FOUCAULT), അതിൽ ഒരാൾ എല്ലാവരെയും നോക്കിക്കൊണ്ടിരിക്കും. പക്ഷേ ആരാണ് നോക്കുന്ന തെന്ന് അറിയില്ല. അതിനാൽ തടവുകാർ സ്വയം നിയന്ത്രിതരായി മാറുന്നു. ഇതുതന്നെയാണ് സോഷ്യൽ ഡിജിറ്റൽ മീഡിയയിലും സംഭവിക്കുന്നത്. നമ്മൾ ഇൻസ്റ്റഗ്രാം, വാട്ട്സ്അപ്പ്, യൂടൂബ്, ഗൂഗിൾ എന്നിവ ഉപയോഗിക്കുമ്പോൾ നമ്മൾ മാത്രം കാണുന്നതോ നോക്കുന്നതോ അല്ല, നമ്മളെ നോക്കുന്ന, കാണുന്ന, കേൾക്കുന്ന സംവിധാനങ്ങളും ഉണ്ട് എന്നോർക്കണം. നമ്മുടെ സേർച്ച്, ലൈക്ക്സ്, കമന്റ്സ് എല്ലാം ട്രാക്ക് ചെയ്യപ്പെടുകയാണ്. അങ്ങനെ Social Digital Panopticon നിമിത്തമായി Gen Beta തലമുറ ഒരു പ്രത്യേക ജീവിത രീതിയിലും ശൈലിയിലും Shape ചെയ്യപ്പെടുകയാണ് എന്നത് ഒരു യാഥാർ ത്ഥ്യമായി നിലകൊള്ളുന്നു.

3. സാങ്കേതിക വെല്ലുവിളികളും സാമൂഹികവും പരിസ്ഥിതികവുമായ പ്രശ്നങ്ങളും:-

ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, ആട്ടോമേഷൻ എന്നിവയിലെ അമിതമായ ആശ്രയം പ്രശ്നപരിഹാര കഴിവുകളെയും സർഗ്ഗാത്മകതയെയും തടസ്സപ്പെ ടുത്തുന്നതിനാൽ സ്വകാര്യപ്രശ്നങ്ങൾ ജീവിതത്തിൽ ഏറിവരികയാണ്. മാത്രമല്ല കാലവസ്ഥ വ്യതിയാനവും സാമ്പത്തിക അസ്ഥിരതയും പരിസ്ഥിതി ഉത്കണ്ഠയും, ഭാവി ആകുലതയും, ഇതര സാമൂഹിക സമ്മർദ്ദങ്ങളും നിമിത്ത മായി വൈകാരിക അസ്വസ്ഥതയും അതിജീവിക്കേണ്ടിവരികയാണ്.

4. വിദ്യാഭ്യാസ സംവിധാനത്തിലെ വെല്ലുവിളികൾ

അക്കാദമികമായി മികവ് പുലർത്തുവാനും കഴിവുകൾ വളർത്തിയെടുക്കു വാനും ഭാവിയിലേക്കുള്ള ആസൂത്രണം നടത്തുവാനുള്ള സമ്മർദ്ദം കൂടി

വരുമ്പോൾ വിദ്യാഭ്യാസത്തിലെ തന്നെ പക്ഷപാതപരവും തെറ്റിദ്ധരി പ്പിക്കുന്നതോ ആയ വിവരങ്ങൾ ഏറ്റെടുക്കേണ്ടി വരുന്നു. (eg. Migration)-

Part - B. Gen Beta തലമുറയ്ക്കുള്ള ആത്മീയ മേഖലയിലെ പ്രതിവിധികളും സന്ദേശങ്ങളും

II) Information is not Tranformation

Connection is not a Communion

വിവരങ്ങൾ ശേഖരിക്കുവാൻ അതീവ സാധ്യത ഉളവാക്കി തരുന്ന ഡിജിറ്റൽ യുഗത്തിൽ, Gen Z കുട്ടികൾ ജീവിക്കുമ്പോൾ ഒരു ഡിജിറ്റൽ വിപ്ലവത്തെയാണ് സ്വാഗതം ചെയ്യുന്നത്. എല്ലാ Gadgets ഉം ഒരു ചെറിയ ലോകത്തെയാണ് സമ്മാ നിക്കുന്നത്. പക്ഷേ അതിലെ സന്ദേശങ്ങളോ വിവരങ്ങളോ വ്യക്തി, ജീവി തത്തെ രൂപപ്പെടുത്തുന്നുണ്ടോ എന്നത് ആശങ്കജനമാണ്. ഒരു വശത്ത് വിവര ങ്ങൾ നൽകുമ്പോൾ മറുവശത്ത് വിമുഖതരാക്കുകയും ആകുലരക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഓർത്തഡോക്സ് തിയോളജിയുടെ ദൃഷ്ടികോണം, മനുഷ്യൻ ദൈവസ്വരൂപത്തിലും ദൈവസാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു വെന്നും, മാത്രമല്ല എപ്പോഴും ലോകത്തിൽ നിന്ന് മാറി ദൈവീകരണം പ്രാപി ച്ചുകൊണ്ടിരിക്കണമെന്നും ദൈവത്തോടുള്ള Communion നാം ബലപ്പെടുകയും ചെയ്യുമ്പോൾ പുതുതായി സ്വീകരിക്കപ്പെടുന്ന ഡിജിറ്റൽ യുഗവും അനുഗ്രഹി ക്കപ്പെട്ട് ഒരു ഇൻഫോർമേറ്റീവ് സൊസൈറ്റിയെ വാർത്തെടുക്കുകയും ചെയ്യുക യാണ്. ആയതിനാൽ Digital, Spiritual ലോകവും തമ്മിൽ ഒരു സംഘർഷമല്ല വേണ്ടത് ഒരു അവസരമാണ് സാദ്ധ്യതയാണ് എന്ന് കണ്ട് സന്തുലിത ജീവിതം നയിക്കുവാൻ ശ്രദ്ധിക്കാം.

2. TECH SAVY is a Servant Not a Master Tech (Shortform for technology Savvy (having practical understanding)

എന്താണ് Gen Z Gen B?

Gen Z Gen B is Significantly shaped by digital media, algorithms and artificial intelligence which collectively influence how they communicate learn, and perceive the world around them. ഡിജിറ്റൽ മീഡിയ അൽഗോരിതങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയാണ് Gen Z, Gen B കാലഘട്ടത്തിലെ തലമുറയെ പ്രധാനമായും രൂപാന്തരപ്പെടുത്തുന്നത്. ഇത് അവർ ആശയവിനിമയം നടത്തുന്ന രീതി, പഠിക്കുന്ന രീതി, ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കുന്ന രീതി എന്നിവയെ ഇതെല്ലാം കൂട്ടമായി സ്വാധീനി ക്കുന്നു. ആയതിനാൽ ഈ തലമുറ ടെക്നോളജിക്ക് അടിമകളാകാതെ ടെക്നോളജിയുടെ മാസ്റ്റർ ആയി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല സ്പിരിച്ച്വൽ ഡിസിപ്ലിൻ ജീവിതത്തിൽ വെല്ലുവിളി പോലെ ഏറ്റെടുത്തു കൊണ്ട് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു ടൂൾ ആക്കി ഉപയോഗിക്കുവാൻ നമുക്ക് കഴിയണം. So I must be hold on certain spiritual discipline and Spiritual code of conduct to remind myself of my identity when I truly belong. Gen Z Gen Beta കാലഘട്ടത്തിലെ കുട്ടികൾ അവരുടെ വ്യക്തിത്വത്തെ

കുറിച്ചും യഥാർത്ഥത്തിൽ അവർ എവിടെയാണെന്നും ഓർമ്മിപ്പിക്കുന്ന ചില ആത്മീയ വിഷയങ്ങളും ആത്മീയ പെരുമാറ്റചട്ടവും മുറുകെ പിടിക്കേണ്ടതായിട്ടുണ്ട്.

3. Spiritual surfaizication Vs Spiritual discernment

ആത്മീയ ഉപരിതല വൽക്കരണവും, ആത്മീയ വിവേചനവും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ച് പതിറ്റാണ്ടുകളായി അഭിപ്രായപ്പെടുന്ന ഭാവിശാസ്ത്രജ്ഞനും കണ്ടുപിടിത്തക്കാരനുമായ Ray Kurswell പറയുന്നത് ഇപ്രകാരമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സമൂഹത്തെ മാറ്റുക മാത്രമല്ല അത് നമ്മളുമായി ലയിക്കുകയും മനുഷ്യൻ എന്നതിന്റെ അർത്ഥം പുനർ നിർവ്വചിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ 'Singularity' എന്ന ആശയത്തിൽ ഊന്നി പറയുന്നത് "മനുഷ്യനും യന്ത്രവും തമ്മിൽ വ്യത്യാസമില്ല എന്നും ജെൻ ബീറ്റ കുട്ടികൾക്ക് ആർട്ടിഫിഷ്യൽ ജന്റലിജെൻസ് ട്യൂട്ടർമാരുടെ പ്രവർത്തനം ലഭ്യമാകും. ഡിജിറ്റൽ ട്യൂട്ടർമാരുടെ കീഴിൽ ജെൻ ബീറ്റ കുട്ടികൾ പരിശീലിക്കപ്പെടും. അങ്ങനെ ആത്മീയ മേഖലകളിലും ആയതിന്റെ അനന്തര ഫലം പ്രകടമാകും". സോഷ്യൽ മീഡിയ സംസ്കാര വലയത്താൽ കേവലം റീൽസിനും 1 minute, 2 minute ആരാധന സംസ്കാരവും വളർത്തിയെടുക്കുവാൻ Gen Beta കുട്ടികൾ ആഗ്രഹിക്കുമ്പോൾ പരമ്പരാഗതമായി തുടരുന്ന അചാരാനുഷ്ഠാനങ്ങളിലൂടെ അനുഗ്രഹിക്കപ്പെട്ട പശ്ചാത്തലങ്ങൾ മനസ്സിലാക്കാതെ ഉപരിവിപ്ലവമായ ആത്മീയതയുടെ മതി എന്നു ഗ്രഹിച്ചു തുടങ്ങും. ഇതാണ് ആത്മീയരുടെ ഉപരിതലവൽക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ആയതിനാൽ ആരാധനാലയത്തിലെ ആചാരാനുഷ്ഠാനങ്ങൾ അനുഭവവേദ്യമായി തീരുവാൻ നാം മനഃപൂർവ്വമായി വിശ്വാസജീവിത ബോദ്ധ്യങ്ങളെ അതിന്റെ ആഴമായ തലത്തിൽ കൊടുക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ലോകം/സാങ്കേതിക വിദ്യ അതിന് പകരമായി മറ്റൊന്നിനെ Replace ചെയ്യും. ഇത് ആത്മീയ ജീവിതത്തിലെ ഒരു മുന്നറിയിപ്പാണ്.

4. Double edged sword Vs detachment & reunion.

ഗുരുകുല വിദ്യാഭ്യാസത്തിൽ നിന്നും മാറി സെക്കുലർ ലോകത്തിലെ പഠന സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ, അദ്ധ്യാപക ഗണത്തെ ആശ്രയിച്ചു വന്ന തലമുറ, ഇന്ന് സോഷ്യൽ മീഡിയയെ പ്രത്യേകിച്ച് നൂതന പ്ലാറ്റ്ഫോമുകളെ ആശ്രയിക്കുന്നതിനാൽ ഏതോ ഒരു ലഹരിക്ക് അടിമകളായി തീർന്നിരിക്കുകയാണോ? ആഴമുള്ള ആത്മീയത വെറും ഷോർട്ട് വീഡിയോസ് ആയി ചുരുങ്ങുകയാണോ?. ലൈക്കുകളും ഫോളോവേഴ്സും ആത്മീയ ജീവിതത്തെ പോലും സ്വാധീനിക്കുന്നുണ്ടോ?. ആയതിനാൽ ആത്മീയ ജീവിതത്തിൽ ജാഗരൂകരായിത്തീരുകയും സോഷ്യൽ മീഡിയായിൽ അറപ്പും വെറുപ്പും ഉളവാക്കുന്ന കമന്റുകളും മെസ്സേജുകളും കൊണ്ട് ഫേക്ക് ഐഡിയിൽ ആറാടി, ട്രോളുകളിലൂടെയും വ്യക്തിഹത്യയിലൂടെയും മോർഫ് ചെയ്ത ചിത്രങ്ങളിലൂടെയും ആക്രമണം നടത്തുവാൻ പ്രേരിപ്പിക്കുകയും ചെയ്തു വരുമ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും സോഷ്യൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെയും അനന്തരഫലം നേട്ടങ്ങളും നന്മകളും ആയിരിക്കുകയില്ല സാമൂഹിക വിപത്ത് വലിച്ചു വയ്ക്കുകയായിരിക്കും ചെയ്യുന്നത്. ഇതിൽനിന്നുള്ള വിമോചനത്തിനും, ദുരുപയോഗ സാദ്ധ്യതയുടെ ലഘൂകരണത്തിനും, സോഷ്യൽ മീഡിയായിലൂടെള്ള നന്മയ്ക്കും, പവർ മെഡിറ്റേഷൻ ആപ്പുകളും Virtual Coaching- കൾ Spiritual Coaching -കളും Bibilical digital Study-കളും തുടങ്ങിയവ നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ ആരംഭിക്കേണ്ടിയിരിക്കുന്നു.

5. Paradox of Choice and lackness of confidence to face the future

ഇന്നത്തെ ലോകത്ത് മറ്റൊരു വലിയ വിരോധാഭാസം പാരഡോക്സ് ഓഫ് ചോയ്സ് ആണ്. മുമ്പ് മനുഷ്യന് വളരെ കുറച്ച് ഓപ്ഷൻസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് അൺലിമിറ്റഡ് ചോയ്സ് ആണ്. എന്ത് കാണണം, എന്തു പഠിക്കണം, എന്ത് ജീവിതം തെരഞ്ഞെടുക്കണം എന്നതും മാത്രമല്ല എല്ലാത്തരം ചോയിസും കൂടുതൽ ആശയക്കുഴപ്പത്തിൽ ആക്കുകയുമാണ്. 2024-ലെ ഓക്സ്ഫോർഡ് 'വേർഡ് ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെട്ടത് Brain Rot ആണ്. ഇന്നത്തെ തലമുറയുടെ മാനസികാവസ്ഥയെ കുറിക്കുന്ന വാക്കാണിത്. സോഷ്യൽ മീഡിയയിലെ പാരഡോക്സ് ഓഫ് ചോയ്സ്, ഷോട്ട് വീഡിയോസ് എൻഡ്ലസ് സ്ക്രോളിംഗ് ഇവയൊക്കെ ജെൻ ബീറ്റ തലമുറയെ ഒരു ഇൻസ്റ്റന്റ് സ്റ്റിമുലേറ്റർ ആയി സ്വാധീനിക്കുന്നു. ഒരിക്കൽ ആഴത്തിൽ ചിന്തിച്ചിരുന്ന മനസ്സ് വേഗത്തിൽ പ്രതികരിക്കുന്ന ഒരു ഉപരിതല ബുദ്ധിയിലേക്ക് ചുരുങ്ങി പോവുകയും ഭാവിയെ കുറിച്ച് ആത്മ വിശ്വാസമില്ലാതെ ജീവിക്കുന്നത് ജെൻ ബീറ്റ തലമുറയിലെ വ്യക്തിപരവും സാങ്കേതികപരവുമായ ഒരു പ്രതിസന്ധിയായും കണക്കാക്കപ്പെടുന്നു ആയതിനാൽ അൽഗോരിതങ്ങളുടെ നിയന്ത്രണത്തിൽ ജീവിക്കാതെ സോഷ്യൽ മീഡിയയെ നിയന്ത്രിക്കുന്നവരായിത്തീരണം.

മൂലേടം സെന്റ് മേരീസ് ഓർത്തഡോക്ൾസ് പള്ളിയിലെ സെന്റ് ഡയനേഷ്യസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ കൗൺസലിംഗ് ക്ലാസ്സ് സംഘടിപ്പിച്ചു. ഡോ. ഗ്രെയ്സ് ലാൽ ക്ലാസ്സിനു നേതൃത്വം നൽകി. സെക്രട്ടറി സിനു ചെറിയാൻ സ്വാഗതവും, ഇടവക വികാരി ഫാ. ജോജി നന്ദിയും പ്രകാശിച്ചു.

പട്ടാഴി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ പെരുന്നാളിനോട് അനുബന്ധിച്ച് സെന്റ് ജോസഫ് ഫെലോഷിപ്പ്, സെന്റ് ഡയനേഷ്യസ് ഫെലോഷിപ്പ് എന്നിവയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട നേത്ര, രക്ത പരിശോധന ക്യാമ്പ് SDOF സോണൽ സെക്രട്ടറി ഷിബു വർഗീസ് ഉദ്ഘാടനം ചെയ്തു. ഇടവകയിൽ നിന്നും പുറത്തു നിന്നും ആളുകൾ പങ്കെടുത്തു.

‘സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനി: കാതോലിക്കേറ്റിൻ ശക്തിദുർഗം”

ഭാരതസഭ തൻ ‘സ്വാതന്ത്ര്യ സ്വത്വബോധ’ത്തിൻ ഉൽകൃഷ്ട മാഹാത്മ്യം:
‘കണ്ണിലെ കൃഷ്ണമണി‘ പോൽ കാത്തതാം മുനിവര്യനാം,മഹിതാചാര്യൻ!
മലങ്കരസഭ തൻ ’ജിബ്രാൾട്ടർപാറ’യാം, വട്ടശ്ശേരിൽ മല്ലപ്പള്ളി തിരുമേനി!
കാലത്തിൻ ദുർഘട പരീക്ഷകളെ സ്വയമേയേറ്റു ധീരതയാൽ ശ്രേഷ്ഠൻ:

മാർത്തോമാ വെട്ടി തെളിച്ചതാം, വിശ്വാസപാതേ നസറാണികളെ;
“കാതോലിക്കേറ്റ് കൊടിക്കീഴിൽ ദേശീയ സഭയായിനിലനിർത്താൻ,
മാർത്തോമാ തൻ തിഗ്രീസിൻ സിംഹാസനം മലങ്കരയിലേക്കു മാറ്റാൻ:
അചഞ്ചല നിലപാടുമായി നിന്നു ധീരൻ വൈതരണികളെ വെല്ലാൻ!

മലങ്കരസഭ തൻസ്വാതന്ത്ര്യത്തിനായി കുരിശു ചുമന്നുകാൽവരിക്കുന്നു,
കയറിയ പുരുഷകേസരിയാം, സഭാഭാസുരനാം, വട്ടശ്ശേരിൽ തിരുമേനി!
ഇടിഞ്ഞു തകർന്നതാം, യെരുശലേം കോട്ട നിർമ്മിച്ച നെഹെമ്യാവ് സമം,
സഭ തൻ തകർന്നതാം കൊത്തളങ്ങളെ പണിതു പരുമല സിദ്ധന്റെ ശിഷ്യൻ!

റോമാനുകത്തെ പൊട്ടിച്ചെറിഞ്ഞതാം, ‘ഒന്നാം മാർത്തോമാ’ സമം;
അന്തിയോഖ്യൻ അധിനിവേശം, ചെറുത്തു, ആറാം ദീവന്നാസിയോസ്!
മലങ്കരസഭാചരിത്രനഭസ്സിൻ, ചിരപ്രതിഷ്ഠ നേടിയ സഭാഭാസുരൻ!
മരണത്തെ മുഖാമുഖം കണ്ടവേളയിൽ രഹസ്യപ്രാർത്ഥനയാൽ വെന്നു

സഭ തന്നടിസ്ഥാന വേദശാസ്ത്രവും, വിശ്വാസദർപ്പണവും,
ക്രോഡീകരിച്ചു “മതോപദേശ സാരങ്ങൾ” രചിച്ചൂ തിരുമേനി!
കാതോലികവും, അപ്പസ്തോലികവും, ഏകവും വിശുദ്ധമാം സഭയെ,
മലയാങ്കരയിൽ സ്ഥിരപ്പെടുത്താൻ വർത്തിച്ചു നിയോഗാൽ തിരുമേനി!

സ്വാതന്ത്ര്യദേശീയ സത്വബോധം നിറച്ചൊരു ഉത്തമാം സഭാ
ഭരണഘടനാ തൻ ചട്ടക്കൂടും, അടിത്തറയും ജനാധിപത്യവും,
എപ്പിസ്കോപ്പസിയും, സംമഞ്ജസം ചാലിച്ചു നിർമ്മിച്ചൂ
ഭാരതത്തിൻ ഭരണഘടനാ നിർമ്മിതിക്ക് ഒന്നര ദശാബ്ദം മുമ്പേ!

സഭാശാന്തിക്കായി, ഭൂമിയോളം താഴാൻ ശ്രമിച്ചു താൻ;
ഇരുപത്തിമൂന്നിൽ മർദീനിലേക്കു പോകുവാൻ തയ്യാറായില്ലേ?
കൂട്ടുടസ്റ്റീമാർ കാലുവാരിയതും, ബഥനി മെത്രാൻ നയവഞ്ചന കാട്ടിയതും,
സഹിച്ചൂ നസ്രാണി സിംഹം, ആനപ്പാപ്പി ക്രൂരഹത്യ ഉലച്ചു അത്യധികം?

അന്തിയോഖ്യൻ ഭീഷണിയാം “മുടക്കു ഉടക്ക് തന്ത്രം”:
ആശ്ലേഷിച്ചു ഒരു ഹാരംപോൽ വട്ടശ്ശേരിൽ തിരുമേനി!
സമകാലികസഭ തൻ സുപ്രീം കോടതി വിധികൾ അരമിട്ടുറപ്പിച്ചു:
സ്വയംഭരണ കാതോലിക്കേറ്റിൻ, ഭരണഘടനാ സാർത്ഥകത്വം!

മലങ്കര സഭ തൻ മക്കൾക്കു ശക്തിയേകിടും “ദുസ്തര ദുർഗ്ഗം”
മലങ്കര തൻ “മൗദ്യോനോ”, കല്ലാശ്ശേരിൽ ബാവാ നൽകിയ സവിശേഷ നാമം!
ദുരാരോപണത്തിൻ കൂരമ്പുകൾ തൻ മുന സമചിത്തതയും,
മൗനത്തിൻ വാത്മീകതയാലും, തകർത്തൂ പവിത്ര മണ്കൂടാരം!

സാബു ജോർജ്, കടമ്മനിട്ട

എസ്.ഡി.ഒ.എഫ്. നിരണം ഭദ്രാസന നേതൃസംഗമം തിരുവല്ല തഹസിൽദാർ ജോബിൻ കെ. ജോർജ് ഉദ്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ. പ്രദീപ് വർക്കി വർഗീസ്, കേന്ദ്ര വൈസ് പ്രസിഡണ്ട് ഫാ. ബിജു. റ്റി. മാത്യു, നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ എബ്രഹാം, നിരണം ഭദ്രാസന സെക്രട്ടറി സതീഷ് തോമസ് മലയിൽ, കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ എന്നിവർ സമീപം.

പാലക്കാട് സെന്റ് മേരിസ് ഓർത്തഡോക്സ് മഹാ ഇടവകയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ സംഗമം നടത്തപ്പെട്ടു. SDOF സെക്രട്ടറി ഷൈജു കെ. ചാക്കോ സ്വാഗതം ആശംസിച്ചു. ഫാ. അലക്സ് തോമസ് മുഖ്യ സന്ദേശം നൽകി. ഫാ. ടി. ഗീവർഗീസ് കോർഎപ്പിസ്കോപ്പ, ഇടവക വികാരി ഫാ. ബിനു ജോർജ്, മലബാർ ഭദ്രാസന വേളംകോട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ഷിബു വിൽസൺ, വൈസ് പ്രസിഡന്റ് മഹേഷ് ജോൺ എന്നിവർ പ്രസംഗിച്ചു. ട്രഷറർ ലിമാ ഷൈജു, ജോയിൻ സെക്രട്ടറി സുനിത സഷിൻ എന്നിവരും പങ്കെടുത്തു. എല്ലാ മാസത്തിലും ആദ്യത്തെ ഞായറാഴ്ച വിശുദ്ധ കുർബാന കഴിഞ്ഞ് SDOF ന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ സംഗമം നടത്താമെന്ന് തീരുമാനിച്ചു.

തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഫോറത്തിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനവും കുടുംബ സംഗമവും മെയ് 31-നു നടന്നു. കോട്ടയം ഭദ്രാസന സെക്രട്ടറി ഷിജോ പി. കുര്യൻ ഉദ്ഘാടനം ചെയ്തു. ജേസീസ് നാഷണൽ ട്രയിനർ സിജോ പി. ജേക്കബ് ക്ലാസ്സിന് നേതൃത്വം നൽകി.

സ്കൂൾ ബാഗുകളും കുടകളും വിതരണം ചെയ്തു

കോട്ടയം: കോട്ടയം ഭദ്രാസനത്തിലെ കൂരോപ്പട സെന്റ് ജോൺസ് ദേവാലയത്തിലെ SDOF യൂണിറ്റിന്റെ നേതൃത്വത്തിൽ പുതിയ അദ്ധ്യയന വർഷത്തിൽ നിർധനരായ വിദ്യാർഥികൾക്ക് സ്കൂൾ ബാഗുകളും കുടകളും വിതരണം ചെയ്തു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് വിതരണം നിർവഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF)

അങ്കമാലി ഭദ്രാസനം



അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപോലിത്ത
പ്രസിഡന്റ്

ഫാ. ബിനോയ് വർഗ്ഗീസ് പര്യാത്ത്
വൈസ് പ്രസിഡന്റ്

ബേബി പി. വി. പള്ളിപ്പാട്ട്, കുന്നക്കുരുടി
സെക്രട്ടറി

അമ്പിളി മനോഷ്, തൃക്കുന്നത്ത് സെമിനാരി
ജോയിന്റ് സെക്രട്ടറി

ഡോ. ഉമ്മൻ കെ മാത്യു, കളീയ്ക്കൽ, ആലുവ
ട്രെഷറാർ

കേന്ദ്ര പ്രതിനിധികൾ

സജു ജോൺ, അങ്കമാലി
കേന്ദ്ര പ്രതിനിധി

സീനായി പോൾ കുന്നത്ത്, കുന്നക്കുരുടി
കേന്ദ്ര പ്രതിനിധി

ആലുവ മേഖല

ഫാ. ജോർജി കെ സണ്ണി, ആലുവ
പ്രസിഡന്റ്

കോശി ജോൺ കളമശ്ശേരി
കോർഡിനേറ്റർ

കുറുപ്പുംപടി മേഖല

ഫാ. ഗീവർഗീസ് കാപ്പിൽ പെരുമ്പാവൂർ
പ്രസിഡന്റ്

അഡ്വ. ജാജി ഐസക് വേങ്ങൂർ
കോർഡിനേറ്റർ

കുന്നക്കുരുടി മേഖല

ഫാ.നിതിൻ മാത്യു കുന്നക്കുരുടി
പ്രസിഡന്റ്

വർഗീസ് ഇ വി, വളയൻചിറങ്ങര
കോർഡിനേറ്റർ

പോത്താനിക്കാട് മേഖല

ഫാ. എൽദോ കുര്യാക്കോസ് പോത്താനിക്കാട്
പ്രസിഡന്റ്

ബിബിൻ പി ഐസക് പോത്താനിക്കാട്
കോർഡിനേറ്റർ

ഹൈറേഞ്ച് മേഖല

ഫാ. അജിത് ജോസഫ് അടിമാലി
പ്രസിഡന്റ്

സനീഷ് ഇമ്മാനുവേൽ മൂന്നാർ
കോർഡിനേറ്റർ

കണ്ടനാട് കർമ്മേൽ ദയറയിൽ നടത്തിയ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) മേഖല സമ്മേളനത്തിൽ പങ്കെടുത്ത സംഘടനാ ഭാരവാഹികൾ.

SDOF റീജിയണൽ സമ്മേളനവും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി അനുസ്മരണവും

കണ്ടനാട് : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ (SDOF) റീജിയണൽ സമ്മേളനവും, പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ മെത്രാഭിഷേക വാർഷിക അനുസ്മരണവും കണ്ടനാട് കർമ്മേൽ ദയറയിൽ നടന്നു. സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഭക്ഷ്യവകുപ്പ് മന്ത്രി അനൂപ് ജേക്കബ് നിർവ്വഹിച്ചു.

അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ പോളികാർപ്പോസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. അദ്ദേഹം പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഉദാത്തമായ വ്യക്തിത്വത്തെയും സഭാ സംഭാവനകളെയും അനുസ്മരിക്കുകയും, വരുംദിവസങ്ങളിൽ SDOF ന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും മുന്നോട്ടു വെക്കുകയും ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് നടന്ന അർഹരായ വിദ്യാർത്ഥികൾക്കുള്ള പഠനക്കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം തൃപ്പൂണിത്തുറ എം.എൽ.എ ദീപക് ജോയി നിർവ്വഹിച്ചു.

കർമ്മേൽ ദയറ സി.ഇ.ഒ. ഫാ. തോമസ് മ്യാലിൽ സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. തുടർന്ന് സെൻട്രൽ ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം മുഖ്യപ്രഭാഷണം നടത്തുകയും പ്രത്യേക സെഷന് നേതൃത്വം നൽകുകയും ചെയ്തു. സഭാ മാനേജിംഗ് കമ്മിറ്റി അംഗം വി. കെ. വർഗീസ്, ഫാ. ജോൺ വി. ജോൺ, ഫാ. വി. വി. കുര്യാക്കോസ് തുടങ്ങിയ പ്രമുഖർ സമ്മേളനത്തിന് ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ഫെലോഷിപ്പിന്റെ ലക്ഷ്യങ്ങൾ, ഭാവിപ്രവർത്തനങ്ങൾ, സാധ്യതകൾ എന്നിവയെ ആസ്പദമാക്കി നടന്ന വിവിധ പഠനക്ലാസുകൾക്കും ചർച്ചകൾക്കും റീജിയണൽ സെക്രട്ടറി ഡോ. ഉമ്മൻ കെ. മാത്യു, കണ്ടനാട് ഭദ്രാസന സെക്രട്ടറി ഷാജു വി. ചെറിയാൻ, കൊച്ചി ഭദ്രാസന സെക്രട്ടറി സ്റ്റാൻലി ജി. ജോൺ, അങ്കമാലി ഭദ്രാസന സെക്രട്ടറി ബേബി പി. വി എന്നിവർക്കൊപ്പം ബിന്ദു ജോൺസൺ, അമ്പിളി മനോഷ്, സീനായ് പോൾ, നീന തോമസ് എന്നിവരും സംയുക്തമായി നേതൃത്വം നൽകുകയും വിവിധ പഠനക്ലാസുകൾക്കും കൈകാര്യം ചെയ്യുകയും ചെയ്തു.

തുടർന്ന് നടന്ന പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി അനുസ്മരണ സിമ്പോസിയം നാഗ്പൂർ സെമിനാരി പ്രിൻസിപ്പാൾ ഡോ. ഫാ. ജോസി ജേക്കബ് മോഡറേറ്റ് ചെയ്തു. സിമ്പോസിയത്തിൽ ഡെന്നി വർഗ്ഗീസ്, സോജൻ പടുത്തോട്ടത്തിൽ, ഡോ. സഫന ഐസക്ക് എന്നിവർ വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതത്തിലെ വിവിധ ഏടുകളെയും സഭയ്ക്ക് അദ്ദേഹം നൽകിയ ചരിത്രപരമായ സംഭാവനകളെയും ആസ്പദമാക്കി പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

മലങ്കരസഭയിലെ വൈദികരും നിരവധി വിശ്വാസികളും പങ്കെടുത്ത ഈ സമ്മേളനത്തിൽ കാനായിക്കോട് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ക്വയർ ഭക്തിനിർഭരമായ ഗാനശുശ്രൂഷ നിർവ്വഹിച്ചു. റീജിയണൽ സെക്രട്ടറി ഡോ. ഉമ്മൻ കെ. മാത്യു ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി. റീജിയണൽ സമ്മേളനം ഭക്തിനിർഭരമായ പ്രാർത്ഥനയോടെ സമാപിച്ചു.

കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ കത്തീഡ്രൽ എസ്.ഡി.ഒ.എഫ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിച്ചു. യൂണിറ്റിന്റെ ഉദ്ഘാടനം വികാരി ഫാ. കെ ജി. മാത്യൂസ് നിർവ്വഹിച്ചു. സഹ വികാരി ഫാ. അജിമോൻ പാപ്പച്ചൻ, വൈസ് പ്രസിഡണ്ട് സുനിൽ ടൈറ്റസ് കൊച്ചുവീട്ടിൽ, മാക്കാംകുന്ന് ഡിസ്ട്രിക്ട് കോർഡിനേറ്ററും യൂണിറ്റ് സെക്രട്ടറിയുമായ റെജി അലക്സാണ്ടർ, മൂലമുറിയിൽ, ജോയിന്റ് സെക്രട്ടറി സുനി സജി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ രാജി ബിജു, മിനി സ്റ്റീഫൻ, സൂസൻ രാജു തുടങ്ങിയവർ സംബന്ധിച്ചു.

തുമ്പമൺ ഏറം മാത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ പ്രവർത്തക സമ്മേളനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ എബ്രഹാം ഉദ്ഘാടനം ചെയ്യുന്നു. ഷാജി മുകടിയിൽ കോർഎപ്പിസ്കോപ്പ, ഫിലിപ്പ് എം. സാമുവൽ കോർഎപ്പിസ്കോപ്പ, ഫാ. സി. കെ. തോമസ്, ജിനു വർഗീസ്, എം. ബി. എബ്രഹാം എന്നിവർ സമീപം